# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അഴൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP10/1321/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 15/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ചെയർമാൻ (സെക്രട്ടറി മുഖേന)
അഴൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP10/1321/2023 തീയ്യതി: 15/10/2023

## തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 07-08-2023 | 17-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-08-2023 | 17-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ
ശ്രീ.പ്രവീൺ.എൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ശ്രീദേവി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.മിനിമോൾ.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആർ അനിൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. ചന്ദ്രബാബു എസ്.എസ്. | സെക്രട്ടറി | 01-04-2022 | 29-09-2022 |
| ശ്രീ. ശ്രീകുമാർ എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-09-2022 | 11-10-2022 |
| ശ്രീമതി അജില യു.എസ്. | സെക്രട്ടറി | 12-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.പത്മപ്രസാദ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.അഭിലാഷ്.ആർ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ശ്രീകാന്ത് വി.എസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ശ്രീ.നൗഫൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ-1) | 01-04-2022 | 31-03-2023 |
| ശ്രീ.മഹേഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ -2) | 01-04-2022 | 31-03-2023 |
| ശ്രീ.ശ്രീകുമാർ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 26-10-2022 |
| ശ്രീ. അൻസർ എ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2022 | 31-03-2023 |
| ഡോ.ജിഷ വി.എസ്. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി ബൃന്ദ എസ്. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 23-01-2023 |
| ശ്രീമതി സിമി.എസ്. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 24-01-2023 | 31-03-2023 |
| ശ്രീ.ബൈജു.കെ | ഹെഡ്മാസ്റ്റർ | 01-04-2022 | 01-07-2022 |
| ശ്രീമതി ബീന | ഹെഡ്മിസ്ട്രസ് | 02-07-2022 | 31-03-2023 |
| ശ്രീമതി രമ്യ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 29-09-2022 |
| ശ്രീമതി ദീപ ഡി.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 30-09-2022 | 31-03-2023 |
| ശ്രീമതി ഗീതുമോൾ വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി അനിത റാഫേൽ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അനശ്വര | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | അസറ്റുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | ഫിക്സ്ഡ് അസറ്റുകളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. | 1-1-4 |
| 6 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക “Capital Contribution” ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-6 |
| 8 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല. | 1-1-7 |
| 9 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | ബാങ്ക് അക്കൗണ്ടിന്റെ വിവരം അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | ഡിമാന്റ് ഇല്ലാത്ത അരിയർ ഇനത്തിന് കളക്ഷൻ | 1-1-11 |
| 13 | കാലഹരണപ്പെട്ട ചെക്കുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടിയിട്ടില്ല | 1-1-12 |
| 14 | ആസ്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | ഓഡിറ്റ് റിക്കവറിയായി ലഭിച്ച തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കുകയോ ബാധ്യതയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. | 1-1-14 |
| 16 | കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-15 |
| 17 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-16 |
| 18 | രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | ഡെപ്പോസിറ്റ് നൽകിയ തുകകൾ ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-18 |
| 20 | അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | ബജറ്റ് അപാകതകൾ | 1-2-1 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഗ്രാന്റ് വിനിയോഗം | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | ക്ഷേമപദ്ധതികൾ | 1-6 |
| 27 | ക്യാഷ് ബാലൻസ് | 1-7 |

| | | |
|---|---|---|
| 28 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 29 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 30 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 31 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ | 1-11 |
| 32 | റേഷൻകടകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു. | 1-12 |
| 33 | ഹാളുകൾ-ലൈസൻസ് എടുത്തിട്ടില്ല. | 1-13 |
| 34 | പെരുങ്ങുഴി കൃഷ്ണപുരം മാർക്കറ്റിലെ 5-ാം നമ്പർ കടമുറി ലേലം - വ്യക്തതയില്ല | 1-14 |
| 35 | തൊഴിൽ നികുതി-അപാകങ്ങൾ | 1-15 |
| 36 | കരാറുകാർ – തൊഴിൽ നികുതി ഒടുക്കിയിട്ടില്ല | 1-15-1 |
| 37 | ഡോക്ടർമാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. | 1-15-2 |
| 38 | സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. | 1-15-3 |
| 39 | തൊഴിൽ നികുതി ഭാഗികമായി ഒടുക്കിയിരിക്കുന്നു. | 1-15-4 |
| 40 | തൊഴിൽ നികുതി-ഒടുക്കിയിട്ടില്ല. | 1-15-5 |
| 41 | തനത് വരുമാനം-അവലോകനം | 1-16 |
| 42 | സഞ്ചയയിൽ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല | 1-17 |
| 43 | വിമുക്തഭടൻമാരുടെ വസ്തുനികുതി ഒഴിവാക്കൽ ക്രമപ്രകാരമല്ല | 1-18 |
| 44 | ടെലഫോൺ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-19 |
| 45 | മാർക്കറ്റ് ഗേറ്റ് ഫീസ് പിരിച്ചെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല | 1-20 |
| 46 | ഭരണ സമിതി തീരുമാനങ്ങൾ നടപ്പാക്കിയിട്ടില്ല | 1-21 |
| 47 | ഗ്രാമസഭ യോഗം - അവലോകനം | 1-22 |
| 48 | ലാബ് റീഏജന്റ്സ് വാങ്ങൽ - അപാകതകൾ | 1-23 |
| 49 | ലൈഫ് പദ്ധതി ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം | 1-24 |
| 50 | പ്രത്യേക കന്നുകുട്ടി പരിപാലനം രേഖകൾ ഹാജരാക്കിയില്ല, 750000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 51 | വെള്ളക്കരം-ജനറൽ കമ്മിറ്റി തീരുമാനത്തിൽ അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-26 |
| 52 | ദുരിതാശ്വാസ നിധി-ഫലപ്രദമല്ല. | 1-27 |
| 53 | ആസ്തി രജിസ്റ്റർ -കാലികമല്ല. | 1-28 |
| 54 | ക്ഷേമ പെൻഷൻ -പഞ്ചായത്തിന്റെ നടപടി മാതൃകാപരം | 1-29 |
| 55 | തെരുവു വിളക്ക പരിപാലനം-അപാകങ്ങൾ | 1-30 |
| 56 | അതിദാരിദ്ര്യ നിർമ്മാർജനം മൈക്രോപ്ലാൻ പ്രോജക്ട് - മെഡിക്കൽ സഹായം നൽകിയതിന് രേഖയില്ല | 1-31 |
| 57 | താൽക്കാലിക ഡോക്ടറുടെ നിയമനം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1-32 |
| 58 | പഞ്ചായത്ത് ക്യാൻസർ നിയന്ത്രണ പദ്ധതി - ചെലവിന് ആധികാരികതയില്ല | 1-33 |
| 59 | ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജനം - 1579 രൂപയുടെ ചെലവ് ബിൽ | 1-34 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല | |
| 60 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ് - പ്രോജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല | 1-35 |
| 61 | വാഴകൃഷി വ്യാപനം പ്രോജക്ട് - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-36 |
| 62 | നെൽകൃഷി വികസനം പ്രോജക്ടുകളിലെ അപാകതകൾ | 1-37 |
| 63 | തെങ്ങുകൃഷി വികസനം പ്രോജക്ട് - രേഖകൾ പൂർണമല്ല | 1-38 |
| 64 | മരങ്ങളുടെ ലേലനടപടി വിവരം ലഭ്യമല്ല | 1-39 |
| 65 | സുഭിക്ഷ കേരളം കുളത്തിലെ മീൻകൃഷി തുടർനടപടി വിവരം ഇല്ല | 1-40 |
| 66 | ഹോമിയോ മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല | 1-41 |
| 67 | അങ്കണവാടികളുടെ പ്രവർത്തനാവലോകനം | 1-42 |
| 68 | പാലിയേറ്റീവ് കെയർ പ്രോജക്ട് – അധികമായി 31500/- രൂപ വേതനം നൽകി | 1-43 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.07.23 ലെ 6(1)-ാം നം. ജനറൽ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26.07.23ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അഴൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

എ) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ബി) തൻ വർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.

അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 7/08.08.23)

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6134414/- രൂപയാണ്. എന്നാൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9894534/- രൂപയാണ്. മേൽ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.7/08.08.23)

### 1-1-3 അസറ്റുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

B-11 ഷെഡ്യൂളിൽ Other Fixed Asset ഒഴികെയുള്ള Fixed Assetsകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.7/08.08.23).

### 1-1-4 ഫിക്സ്ഡ് അസറ്റുകളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Asset- കളുടെ അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ മുൻ വർഷങ്ങളിലെ Accumulated Depreciation തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | Fixed Asset ന്റെ ഇനം |
|---|---|
| 1 | Roads & Bridges |
| 2 | Waterways |
| 3 | Public Lighting |
| 4 | Plant & Machinery |
| 5 | Office & Other Equipment |
| 6 | Furniture & Other Items |
| 7 | Other Fixed Assets |

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.35/16.08.23).

## 1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ബി - 4 ഷെഡ്യൂൾ പ്രകാരം CFC Basic Tax Grant – ന്റെ നീക്കിയിരിപ്പ് 3792235/- രൂപയും CFC Tied Fund – ന്റെ നീക്കിയിരിപ്പ് 6890147/- രൂപയുമാണ് (ആകെ - 10682382/- രൂപ). CFC ഗ്രാന്റിനായുള്ള കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ടിലെ (അക്കൗണ്ട് നമ്പർ - 40390101064069) നീക്കിയിരിപ്പ് 8442378/- രൂപയാണ്.

അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.7/08.08.23).

## 1-1-6 ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

ധനകാര്യകമ്മീഷൻ പെർമോഫൻസ് ഗ്രാന്റ് ഉപയോഗിച്ച് പ്രോജക്ട് നമ്പർ 62/23 പ്രകാരം അനുപമ പ്ലാവിന്റെ മൂട് റോഡ് ഓട നിർമ്മാണത്തിനായി ചെലവഴിച്ച 231018/- രൂപയുടെ ചെലവിന് തത്തുല്യമായ തുക B-3 ഷെഡ്യൂളിലെ Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. പകരം ഇൻകം & എക്സ്പെൻഡിച്ചർ (I-6 ഷെഡ്യൂൾ ഹെഡ് കോഡ് - 160100109) റവന്യൂചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.7/08.08.23).

## 1-1-7 ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി - 11(b) ഷെഡ്യൂൾ പ്രകാരം Capital Work In Progress "0" ആണ്. പ്രോജക്ട് നം. 59/23 പ്രകാരം ഫിഷർമെൻ കുടിവെള്ള പദ്ധതി 17-ാം വാർഡ് 169 നം.അങ്കണവാടി നിർമ്മാണത്തിനായി ചെലവഴിച്ച 556526 രൂപ "Capital Work In Progress" ആയി ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.7/08.08.23).

## 1-1-8 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല

എസ് ബി ഐ 57056240752 നം. അക്കൌണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheques Deposited But Not Cleared എന്ന ഇനത്തിൽ 2518/- രൂപയുണ്ട്. ടി തുക നാളിത് വരെ ക്രെഡിറ്റ് ആകാത്തത് സംബന്ധിച്ച എൻക്വയറിക്ക്

മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.7/08.08.23). ചെക്ക് പണമാക്കി മാറ്റാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം./തീയതി |
|---|---|---|

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം./തീയതി |
|---|---|---|
| 101100101 | Property Tax On Residential Buildings | 42201137/31-3-23 |
| 101100103 | Property Tax On Non Residential Buildings | 42201139/31-3-23 |

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.7/08.08.23).

## 1-1-10 ബാങ്ക് അക്കൗണ്ടിന്റെ വിവരം അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല

എ) 31/05/2021 -ലെ സ.ഉ(സാധാ)നം. 1066/2021/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പ്രസിഡന്റ്, അസി. സെക്രട്ടറി എന്നിവരുടെ പേരിൽ വാതിൽപ്പടി സേവനത്തിനായി കേരള ഗ്രാമീൺ ബാങ്കിൽ 31.05.2022 തീയതിയിൽ ആരംഭിച്ച 40390101107559 നമ്പർ സംയുക്ത അക്കൗണ്ടിൽ 10.01.23 ൽ 250 രൂപ വരവ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ വിശദാംശങ്ങൾ R&P ഷെഡ്യൂളിലും ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടില്ല. കൂടാതെ ദുരിതാശ്വാസ നിധിയ്ക്കായി കേരള ഗ്രാമീൺ ബാങ്കിൽ 04.06.2022 ൽ പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ആരംഭിച്ച 40390101107577 നമ്പർ സംയുക്ത അക്കൗണ്ടിൽ തൻവർഷം വരവ് ഒന്നും തന്നെ ലഭിച്ചിട്ടില്ല. പ്രസ്തുത അക്കൗണ്ടിന്റെ വിശദാംശങ്ങളും R&P ഷെഡ്യൂളിലും ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.7/08.08.23).

## 1-1-11 ഡിമാന്റ് ഇല്ലാത്ത അരിയർ ഇനത്തിന് കളക്ഷൻ

2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം തനത് ഇനങ്ങൾക്ക് അരിയർ ഡിമാന്റ് ഇല്ല. എന്നാൽ 2022-23 വർഷത്തെ അക്കൗണ്ട്സ് പ്രകാരം വസ്തുനികുതി ഗാർഹികം അരിയർ ഇനത്തിൽ 8536 /- രൂപയുടെ വരവ് കാണുന്നു.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.13/10.08.23).

## 1-1-12 കാലഹരണപ്പെട്ട ചെക്കുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഗ്രാമീൺ ബാങ്ക് 40390101034819 നം. അക്കൌണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Cheques Issued But Not Presented In To Bank എന്ന ഇനത്തിൽ 88580 രൂപയുണ്ട്. അതിൽ 42496 രൂപയുടെ ചെക്കുകളും 2022-23 വർഷത്തിന് മുൻപ് തന്നെ Issue ചെയ്തവയാണ്. കൂടാതെ 3 വർഷകാലാവധി കഴിഞ്ഞ ചെക്കുകൾ വരെ ഇതിൽ ഉൾപ്പെടുന്നു. കാലഹരണപ്പെട്ട ചെക്കുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.13/10.08.23).

## 1-1-13 ആസ്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2022-23 ൽ പുതുതായി സൃഷ്ടിച്ച ആസ്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ- ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ (പ്രോജക്റ്റ് നം 41/23) എന്ന പ്രോജക്റ്റ് പ്രകാരം 497000/- രൂപ ചെലവഴിച്ച് വാങ്ങിയ വാഹനത്തിന്റെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.35/16.08.23).

## 1-1-14 ഓഡിറ്റ് റിക്കവറിയായി ലഭിച്ച തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കുകയോ ബാധ്യതയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-35ൽ നിർദ്ദേശിച്ച പ്രകാരം, വികസന ഫണ്ട് (പൊതുവിഭാഗം) ഉപയോഗിച്ച് നിർവഹിച്ച കൊട്ടാരം ഉരുത്ത് വടക്കുവിളാകം ഇടവഴി ഇന്റർലോക്ക് പാകൽ (181/21) എന്ന പ്രോജക്റ്റുമായി ബന്ധപ്പെട്ട് കരാറുകാരനായ ശ്രീ.പ്രജോധനൻ തിരികെ അടവാക്കിയ 5707/- രൂപ RP-10 ഷെഡ്യൂളിൽ ഹെഡ് കോഡ് 180400101 Audit Recovery Based On Charge Certificate എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വികസന ഫണ്ട് (പൊതുവിഭാഗം) വിഹിതത്തിലേയ്ക്ക് തിരികെ അടവാക്കേണ്ട പ്രസ്തുത തുക തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത തുക ബാലൻസ് ഷീറ്റ് B- 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിട്ടില്ല. തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-15 കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

എ) 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.1-2-9 പ്രകാരം Rent From Building ഇനത്തിൽ 2990/- രൂപ ബാലൻസ് കാണുന്നുവെന്നും തുക സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ 2022-22 വർഷത്തെ

വാർഷിക കണക്കിലും ഡിസിബി സ്റ്റേറ്റ്മെന്റിലും മേൽതുക കുടിശ്ശികയായി ഉൾപ്പെടുത്തുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.
ബി) കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് 03/23 ലെ വെള്ളക്കരം 4,87,727 രൂപയുടെ ഡിമാൻറ് നോട്ടീസ് ലഭ്യമായിട്ടുണ്ടെങ്കിലും ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം വെട്ടിച്ചുരുക്കി ഡിമാൻറ് പുനർനിശ്ചയിക്കുന്ന മുറയ്ക്ക് വെള്ളക്കരം അടവാക്കാമെന്ന് 30.03.23 ലെ ഭരണസമിതി യോഗം 5(3) നം. പ്രകാരം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കിയിട്ടില്ല. എന്നാൽ വെള്ളക്കര കുടിശ്ശിക ബി-9 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.35/16.08.23).

## 1-1-16 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക തൻവർഷവും ക്രമീകരിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ടി തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

| ഹെഡ് കോഡ് | ഇനം | 2022-23 B-18 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 460100199 | Other Advances | 14430 |
| 460100103 | Temporary Advances For Official Purposes | 16800 |
| 460500501 | Advance To Implementing Officers | 600000 |

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.7/08.08.23).

## 1-1-17 രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ലഭ്യമാക്കിയ ലോൺ രജിസ്റ്ററിലെ വിവരങ്ങൾ പൂർണമല്ല. അക്കൗണ്ട്സ് പ്രകാരമുള്ള HUDCO ലോൺ വിവരം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് (2021-22 B-5) | വരവ് [2022-23 RP-31 (R)] | തിരിച്ചടവ് [2022-23 RP-31 (P)] | നീക്കിയിരിപ്പ് (2022-23 B-5) |
|---|---|---|---|
| 32576000 | 6580000 | 600000 | 34456953 * |

* സെക്രട്ടറിയുടെ സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ ലൈഫ് മിഷൻ വായ്പ തിരിച്ചടവ് എന്ന പേരിൽ ജി.ഒ പ്രോജക്ട് മുഖേന ആകെ 4099047/- രൂപയുടെ ചെലവ് കാണുന്നു. എന്നാൽ അതിൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള 600000/- രൂപ ഉൾപ്പെടുന്നില്ല. ആകെ ചെലവുള്ള 4699047/- രൂപ ചെലവായി കണക്കാക്കുമ്പോളാണ് പ്രസ്തുത നീക്കിയിരിപ്പ് തുക ലഭിക്കുന്നത്.

എന്നാൽ 600000/- രൂപ മാത്രമാണ് ബന്ധപ്പെട്ട ശീർഷകത്തിൽ (330500202) ചെലവു രേഖപ്പെടുത്തിയിട്ടുള്ളത്.
മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.35/16.08.23). ലെഡ്ജർ പരിശോധിച്ചതിൽ ടി തുക ഹെഡ് നം. 330500201 Secured Loan- Loan From KURDFC യിൽ നിന്നും ജേണൽ വൗച്ചർ മുഖേന ക്രമീകരിച്ചിട്ടുള്ളതാണ്. ആയത് സാധൂകരിക്കുന്ന രേഖകൾ/വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-1-18 ഡെപ്പോസിറ്റ് നൽകിയ തുകകൾ ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല.

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം.19/23-കെ.എസ്.ഇ.ബി പോസ്റ്റ് ഷിഫ്റ്റിംഗിനായി 108372 അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ (P) വന്നിട്ടില്ല. കൂടാതെ 2022-23 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രസ്തുത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.35/16.08.23).

## 1-1-19 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ

എ) ബാധ്യത ഹെഡിലെ തുകകൾ അതാത് ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കുന്നില്ല.
2021-22 വർഷത്തെ ബി 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2022-23 ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് തിരികെ ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം. | കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 350120199 | Interest Accured & Due | 14249 |
| 2 | 350200115 | Recoveries Payable-Due To Other | 2600 |

| | | | |
|---|---|---|---|
| | | Local Government Institutions | |
| 3 | 350300103 | Government And Other Dues Payable-Value Added Tax | 320 |
| 4 | 350300104 | Government And Other Dues Payable-service Tax | 250 |
| 5 | 350300111 | Government And Other Dues Payable-Flood Cess | 18465 |
| 6 | 350409901 | Refund Payable - Others | 2930 |
| 7 | 350800199 | Other Creditors | 172144 |

ബി) 2021-22ലെ ബാലൻസ് ഷീറ്റിൽ നിലനിന്നിരുന്ന ചുവടെ പറയുന്ന ഡെപ്പോസിറ്റുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് | ഇനം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 340100102 | Suppliers EMD | 12500 |
| 340100201 | Contractors Security Deposit | 29000 |
| 340100203 | Bidders Security Deposit | 15000 |
| 340100303 | Election Deposit | 62500 |
| 340200102 | Auction Deposit | 53050 * |
| 340200105 | Library Deposit | 818 |
| 3400200103 | Water Deposit | 3000 |

* മുൻവർഷത്തെ ബാലൻസ് തുകയായ 13050/- രൂപ കൂടി ഉൾപ്പെട്ടത്.

സി) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 437687/- രൂപ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുക നാളിതുവരെ ഉപയോഗിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിനും മേൽ അപാകതകൾ അറിയിച്ചുകൊണ്ടും ഓഡിറ്റ് അന്വേഷണം നം.13/10.08.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഡി) 2021-22, 2022-23 വർഷങ്ങളിലെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം Government And Other Dues Payable – Others 350300199 നം.ഹെഡ്ഡിൽ 37000/- രൂപയും നീക്കിയിരിപ്പ് കാണുന്നു. പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കാതെ ബാധ്യതയായി നിലനിർത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല. കൂടാതെ Government And Other Dues Payable – Revenue Revovery 350300106 നം. ഹെഡ്ഡിൽ 59720 രൂപയുടെ നീക്കിയിരിപ്പും കാണുന്നു. ടി തുക 2021-22 വർഷത്തെ ബി-9 ഷെഡ്യൂളിൽ Government And Other Dues Payable – Refund Of Unutilised Grants Of Prior Period 350300109 നം. ഹെഡ്ഡിലാണ് നീക്കിയിരിപ്പുണ്ടായിരുന്നത്. ടി തുക ഏതുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 35/16.08.23 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ തുകകളുടെ വിശദാംശം ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

ഇ) ലഭ്യമാക്കിയ ഐഎൽജിഎംഎസ് റസീപ്റ്റ് ക്യാൻസലേഷൻ റിപ്പോർട്ട് പ്രകാരം 31.03.23 തീയതിയിൽ ചുവടെ പറയുന്ന 4 രസീതുകൾ ക്യാൻസൽ ചെയ്തിട്ടുള്ളതായും പ്രസ്തുത ക്യാൻസലേഷൻ 20.07.23 ന് സെക്രട്ടറി അപ്രൂവ് ചെയ്തതായും കാണുന്നു.

| രസീത് നം./തീയതി | തുക |
|---|---|
| 1220000279 | 2150 |
| 1220000280 | 7000 |
| 1220000281 | 2500 |
| 1220000282 | 1000 |

ക്യാൻസൽ ചെയ്യാനുള്ള കാരണം Wrong Description മൂലമാണെന്ന് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സബ് ട്രഷറി ഓഫീസിൽ നിന്നാണ് തുക ഒടുക്കിയതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം 2022-23ലെ രസീത് 2023-24 ൽ ക്യാൻസൽ ചെയ്യാനുണ്ടായ കാരണം, മേൽ ക്യാൻസലേഷന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 35/16.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

1. 2022-23 വാർഷിക ബജറ്റ് 22.03.22 ലെ സാധാരണ യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സകർമ മിനിട്സ് പരിശോധിച്ചതിൽ അംഗീകരിച്ച മേൽ മിനിട്സിനോടൊപ്പം അറ്റാച്ച് ചെയ്തിട്ടുള്ള ബജറ്റ് സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ലഭ്യമാക്കിയ 2022-23 ലെ ബജറ്റ് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | ലഭ്യമാക്കിയ ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | അംഗീകരിച്ച ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1706238 | 1706238 |
| വരവ് | 556241777 | 515158216 |
| ആകെ | 557948015 | 516864454 |
| ചെലവ് | 555491720 | 513265426 |
| നീക്കിയിരിപ്പ് | 2456295 | 3599028 |

2. 2022-23 ലെ പുതുക്കിയ ബജറ്റ് 10.03.2023 ലെ സാധാരണ യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പുതുക്കിയ ബജറ്റ് സ്റ്റേറ്റ്മെന്റും അതേ യോഗത്തിൽ 2/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2023-24 വർഷത്തെ കരട് ബജറ്റിനോടൊപ്പം ചേർത്തിട്ടുള്ള 2022-23 ലെ പരിഷ്കരിച്ച ബജറ്റ് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 2023-24 വർഷത്തെ ബജറ്റിനോടൊപ്പം ചേർത്തിട്ടുള്ള 2022-23 ലെ പരിഷ്കരിച്ച ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 6544099 | 1436895 |
| വരവ് | 476052179 | 581968300 |
| ആകെ | 482596278 | 583405195 |
| ചെലവ് | 477176029 | 580730300 |
| നീക്കിയിരിപ്പ് | 5420249 | 2674895 |

## 1-2-1 ബജറ്റ് അപാകതകൾ

1. ബജറ്റ് രൂപീകരണം

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ ഉൾപ്പെടെയുള്ള ബജറ്റ് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി

ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റിന്റെ പ്രതിമാസ അവലോകനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല. ബജറ്റിന്റെ വാർഷിക അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഡി) ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഘടകസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ആവശ്യകതാ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/14.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ബജറ്റ് വകയിരുത്തൽ-ചെലവ്

2022-23 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ/വകയിരുത്താതെ ചുവടെ പറയുന്ന ഇനങ്ങൾക്ക് തുക ചെലവഴിച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൌണ്ട് | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 2201201 | 100000 | 315692 |
| 2 | 2206001 | - | 7140 |
| 3 | 2304001 | 30000 | 37075 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.34/16.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റ് മാന്വലലിലെ നിർദ്ദേശങ്ങൾ പാലിച്ചുക്കൊണ്ട് മാത്രം ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 11941861 |
| ഓഡിറ്റ് വർഷത്തെ വരവ് | 43946074 |
| ആകെ | 55887935 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 37811660 |
| നീക്കിയിരിപ്പ് | 18076275 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 13268447 | 13268447 | 14845640 | -1577193 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 13359646 | 13359646 | 13404675 | -45029 |
| വികസനഫണ്ട് (CFC Tied) | 0 | 8567732 | 8567732 | 4357842 | 4209890 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (CFC Untied) | 0 | 4080871 | 4080871 | 277835 | 3803036 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 7578000 | 7578000 | 4067846 | 3510154 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 6894000 | 6894000 | 1372756 | 5521244 |
| CSS | 0 | 0 | 0 | 1196682 | -1196682 |
| SSS | 0 | 0 | 0 | 1800000 | -1800000 |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 14845640 |
| | ACR + Source Deduction | 16293994 |
| | Accounts (I-6+ Corresponding Capital Contribution) | 14845640 |
| Development Fund (SCP) | Grant Statement | 13404675 |
| | ACR | 12265795 |
| | Accounts (I-6+ Corresponding Capital Contribution) | 13404675 |
| Maintenance Fund (Road) | Grant Statement | 1372756 |
| | ACR | 1561283 |
| | Accounts (I-6+ Corresponding Capital Contribution) | 1372756 |
| Maintenance Fund (Non Road) | Grant Statement | 4067846 |
| | ACR | 4719258 |
| | Accounts (I-6+ Corresponding Capital Contribution) | 4067846 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം Development Fund (General), Development Fund (SCP) എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവാണ്.

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഉള്ള CSS Fund, SSS Fund എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം ഈയിനത്തിൽ വരവും സുലേഖ ചെലവുപത്രിക പ്രകാരം ഈയിനത്തിൽ നീക്കിയിരിപ്പുമുണ്ട്.

3. സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച ആകെ 15532177 രൂപയിൽ 13404675 രൂപ മാത്രമാണ് ചെലവഴിച്ചത്. 14% തുക ചെലവഴിക്കാതെ പാഴായിരിക്കുന്നു.

4. ഖ. 5.4.1(10) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% വനിതാഘടക പദ്ധതിയിക്ക് വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ വകയിരുത്തൽ നടത്തിയതിന്റെ 81% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

5. 2022-23 വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 8692696 | 5289594 | 61 |
| | പട്ടിക ജാതി | 1377000 | 823500 | 60 |
| സേവനം | പൊതുവിഭാഗം | 63021911 | 22406382 | 35 |
| | പട്ടിക ജാതി | 52635062 | 20158050 | 38 |
| പശ്ചാത്തലം | പൊതുവിഭാഗം | 12674510 | 4057829 | 32 |

6. 2021-22 ലെ ബി-4 ഷെഡ്യൂളിലെ ചുവടെ പറയുന്ന ഹെഡ്ഡുകളിലെ നീക്കിയിരിപ്പ് തുകകൾ 2022-23 ലും വിനിയോഗിക്കാതെ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് കോഡ് | തുക |
|---|---|---|
| 3 | 320700204 | 920 |
| 4 | 320400101 | 19976 |
| 5 | 320700205 | 43200 |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/09.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

7. 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions ഇനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക 2022-23 ലും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | 2022-23 B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100181 | Total Sanitation Campaign | 2255581 |
| 320100191 | Nirmal Puraskar | 22947 |
| 320100198 | Grant From Suchitwa Mission | 1344240 * |
| 320100999 | Other Liabilities | 41307 * |

* 2021-22 വർഷം ഉണ്ടായിരുന്ന നീക്കിയിരിപ്പ് തുകയിൽ 2022-23 വർഷം ചെലവഴിച്ച തുകയുടെ ബാക്കി തുക.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.7/08.08.23).

8. RP-30 പ്രകാരം 2022-23 വർഷം വരവ് വന്ന ചുവടെ പറയുന്ന ഗ്രാന്റ്/ഫണ്ട് എന്നിവ തൻവർഷം ചെലവഴിച്ചിട്ടില്ല.

| ക്രമ നം. | ഹെഡ് കോഡ് | ഹെഡ് ഓഫ് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 320100139 | National Health Mission | 162284 * |
| 2 | 320100149 | National Rural Health Mission | 297043 * |

* ബി-4 ഷെഡ്യൂൾ പ്രകാരം തുക നീക്കിയിരിപ്പ് കാണുന്നു.

അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.7/08.08.23).

## 1-5 പദ്ധതി അവലോകനം


### ഫണ്ട് വിനിയോഗം


2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(എ)

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് | ലാപ്സായ തുക |
|---|---|---|---|

| | | | |
|---|---|---|---|
| | ലഭിക്കുന്ന തുക | പത്രിക പ്രകാരം) | |
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 17186000 | 14845640 | 2340360 |
| വികസനഫണ്ട് എസ്.സി.പി | 14808000 | 13404675 | 1403325 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 7578000 | 4067846 | 3510154 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 6894000 | 1372756 | 5521244 |




ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് (2021-22 B4 | വരവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | ആകെ | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 B4 ഷെഡ്യൂൾ |
|---|---|---|---|---|---|---|

| | ഷെഡ്യൂൾ പ്രകാരം) | വരവ്) | | പ്രകാരം) | | പ്രകാരം |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( ടൈഡ്) | 4398000 | 8567732 | 12965732 | 4357842 | 8607890 | 6890147 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( അൺടൈഡ്) | 109235 | 4080871 | 4190106 | 277835 | 3912271 | 3792235 |

നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 1 | 1138250 | 924896 | 81 |
| വെറ്റിനറി സർജൻ | 7 | 7 | 0 | 3436000 | 3183056 | 93 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 14 | 12 | 2 | 3072019 | 2089290 | 68 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 2 | 2 | 0 | 325200 | 325000 | 99 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 1 | 1 | 0 | 700000 | 700000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 9 | 6 | 3 | 6260816 | 3869000 | 62 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ2 | 12 | 12 | 0 | 24081352 | 7530000 | 31 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16 | 13 | 3 | 8440919 | 6061511 | 72 |
| സെക്രട്ടറി | 42 | 27 | 15 | 13537077 | 8711886 | 64% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 41 | 19 | 22 | 21261301 | 8346718 | 39 |
| ഹെഡ് മാസ്റ്റർ | 2 | 2 | 0 | 1125000 | 1023150 | 91 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 1400000 | 1400000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 10 | 2 | 2889886 | 2034066 | 70 |
| ഫിഷറീസ് ഓഫീസർ | 1 | 1 | 0 | 300000 | 75432 | 25 |

(സി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 18669246 | 14845640 | 79 |
| എസ്.സി.പി. | 15532177 | 13404675 | 86 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 10326158 | 4635677 | 45 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4540301 | 1196682 | 26 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 11720000 | 1800000 | 15 |
| തനത് ഫണ്ട് | 2259685 | 1089114 | 48 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 4506875 | 1172035 | 26 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 5410820 | 2164875 | 40 |
| മെയിന്റനൻസ് റോഡ് | 5228165 | 1372756 | 26 |
| മെയിന്റനൻസ് റോഡിതരം | 6321374 | 4067846 | 64 |
| മറ്റുള്ളവ | 53433359 | 6811055 | 13 |
| ആകെ | 138401179 | 52735355 | 38 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 167 | 119 | 48 | 166890754 | 89439534 | 54 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022

തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച്, ഭരണസമിതിയുടെ 27.12.2021തീയതി 4(1) നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിവരം പ്രസിദ്ധീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 02/08.08.2023ന്റെ മറുപടി).

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

30.12.2021ൽ മാത്രമാണ് ആസൂത്രണ സമിതി യോഗം കൂടിയിട്ടുള്ളത്. യോഗത്തിൽ 12 പേർ പങ്കെടുത്തു.

ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായതിനാൽ അവ പരിഹരിക്കുന്നതിനുള്ള പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.തെരുവുനായ്ക്കളുടെ വർദ്ധനവ് തടയുന്നതിന് വേണ്ട പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

തുടർ പദ്ധതികൾ തയ്യാറാക്കുന്ന അവസരത്തിൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം 13വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 4(2)/27.12.2021-ാം നമ്പർ തീരുമാന പ്രകാരമാണ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

- വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനം നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 02/08.08.2023ന്റെ മറുപടി) |
|---|---|---|---|---|
| I | വനിതവികസനം | 12.1.2023 | സ്വയം തൊഴിൽ പരിശീലനം | പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. |
| Ii | ആരോഗ്യം | 9.12.2022 | ജീവിതശൈലീരോഗ നിയന്ത്രണം | പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. |
| Iii | വിദ്യാഭ്യാസം | 10.5.2022 | ലഹരി വിമുക്ത ബോധവൽക്കരണം | എക്സൈസ് വകുപ്പുമായി ചേർന്ന് വിമുക്തി എന്ന പദ്ധതി സംഘടിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| Iv | കൃഷി | 12.1.2023 | കാർഷിക ഉല്പന്നങ്ങൾക്ക് സ്ഥിരം വിപണി ഉറപ്പാക്കണം | പഞ്ചായത്തിൽ കാർഷിക വിപണനകേന്ദ്രം ആരംഭിച്ചിട്ടുണ്ട്. |
| V | സാമൂഹ്യ നീതി | 10.5.2022 | 151,166,163 നമ്പർ അങ്കണവാടികളുടെ വഴി സൌകര്യം | പദ്ധതി നടപ്പിലാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| Vi | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 12.1.2023 | ബഡ്സ് സ്കൂൾ സ്ഥാപിക്കുക | ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| Vii | ജൈവ വൈവിദ്ധ്യ മാനേജ്മെന്റ് | 9.12.22 | കായൽ തീരങ്ങളിൽ കണ്ടൽ വച്ചുപിടിപ്പിക്കൽ | എൻ ആർ ഇ ജി എസ് മുഖേന പദ്ധതി നടപ്പിലാക്കി വരുന്നു. |

സ്റ്റാറ്റസ് റിപ്പോർട്ട്

നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഓരോ മേഖലയിലേയും വികസന വിടവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.( ഭരണസമിതി തീരുമാനം നം 4(2) തീയതി 27.12.21)

. സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 02/08.08.2023ന്റെ മറുപടി) |
|---|---|---|---|---|
| I | പൊതുഭരണവും ധനകാര്യവും | അതീവ ഗുരുതരം | പൊതു ശ്മശാനം | 11വാർഡിലെ റവന്യു പുറമ്പോക്ക ശ്മശാനത്തിനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| Ii | ആരോഗ്യം | അതീവ ഗുരുതരം | ഭിന്നശേഷി അടിസ്ഥാന സൌകര്യ വികസനം, മയക്കുമരുന്ന് ഉപയോഗം | വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. |
| Iii | പട്ടികജാതി വികസനം | ഗുരുതരം | എല്ലാ പട്ടികജാതി പ്രദേശങ്ങളിലും കുടിവെള്ള സൌകര്യം | ജലജീവൻ മിഷൻ മുഖാന്തിരം കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| Iv | സാമൂഹ്യനീതി | ഗുരുതരം | പി.എച്ച്.സി മെയിന്റനൻസ് | എഫ് എച്ച് സിയായി ഉയർത്തിയിട്ടുണ്ട്. |

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുതല്ലാതെ

നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടില്ല. ഹഡ്കോയിൽ നിന്നും വായ്പയായി 2022-23 വർഷം 6,58,000/-രൂപ ലഭിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, തൻവർഷം കിണർ നിർമ്മാണം, ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണം, സോക്ക്പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ പാഥേയം വിശപ്പ് രഹിത കേരളം, ഉത്പാദക യൂണിറ്റ് സ്ഥാപിക്കൽ, അതി ദാരിദ്ര നിർമാർജ്ജനം കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല. വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങളൊന്നും തന്നെ ഗ്രാമ പഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ പ്രസ്തുത ഫണ്ട് ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണെന്ന് അറിയിച്ചിട്ടുണ്ട്.

ആസ്തി രജിസ്റ്റർ

മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്ററിൽ 2015 ന ശേഷം രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പിംഗ് നടപ്പിലാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനും പുരോഗതിക്കും ഉതകുന്ന വിധത്തിൽ മാർഗരേഖ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടും പദ്ധതിപ്പണം പൂർണമായി ഉപയോഗിക്കുന്ന വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ ഭരണസമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 576200 | 54 |
| വിധവ പെൻഷൻ | 19075900 | 1808 |
| വാർദ്ധക്യകാലപെൻഷൻ | 35783200 | 3632 |
| വികലാംഗപെൻഷൻ | 4977200 | 484 |
| വിവാഹധനസഹായം | 120000 | 4 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 325400 | 36 |

## 1-7 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.08.2023 തീയതിയിൽ 11.20AM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3084/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) നികുതി നികുതിയേതര വരുമാന വരവിൽ കൂടുതൽ ജാഗ്രതയോടെ ഓഫീസ് പ്രവർത്തനം ആവശ്യമാണ്.

2) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കുന്നതിലെ അപാകങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ.(കൈ)നം. 1232009തസ്വഭവ തീ. 02.07.09 പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.
4) ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. ഫോം രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല.

5) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

6) ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

7) ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

8) വിവിധ നിർവ്വഹണോദ്യോഗസ്ഥൻ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7318.52 | 1507784 | 1515102.52 | 1507584* | 7518.52 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 90408074 | 90408074 | 90408074 | - |
| ആകെ | 7318.52 | 91915858 | 91923176.52 | 91915658 | 7518.52 |

* വാർഷിക ധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.11.2021 മുതൽ 11.11.2021വരെ | 01.01.2021-31.07.2021 | 02.03.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3/2017 | 2011-12 മുതൽ 2015-16 വരെ | 28.08.2018 |

## 1-11 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 3 എന്നിവ പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് എടുക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് 2022-23 പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ താഴെപ്പറയുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നമ്പർ | ഇനം | സ്വകാര്യം |
|---|---|---|
| 1 | ഡയറിഫാം | 15 |
| 2 | ഗോട്ട് ഫാം | 9 |
| 3 | മുട്ടക്കോഴി | 10 |

മേൽ സ്ഥാപനങ്ങളുടെ ലൈസൻസ് സംബന്ധിച്ച വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/11.8.2023-ന് മറുപടി ലഭ്യമാക്കിയില്ല. ഫീൽഡ്തല പരിശോധന നടത്തി ഫാമുകൾക്ക് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 റേഷൻകടകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിന്റെ സ്ഥലം ഒരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ ആകെ 15 റേഷൻകടകൾ പ്രവർത്തിക്കുന്നതിൽ 10 എണ്ണം ലൈസൻസ് എടുത്തിട്ടുള്ളതായും 2023-24കാലയളവിൽ മുഴുവൻ റേഷൻകടകളും ലൈസൻസ് നിർബന്ധമായും എടുത്തിരിക്കുവാൻ നിർദ്ദേശം നൽകിയതായും ഓഡിറ്റ് എൻക്വയറി നം.19/11.8.2023 ന് മറുപടി നൽകിയിട്ടുണ്ട്.
പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മുഴുവൻ റേഷൻ കടകൾക്കും ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഹാളുകൾ-ലൈസൻസ് എടുത്തിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം താഴെപറയുന്ന സ്ഥാപനങ്ങളിൽ വിവാഹചടങ്ങുകൾ നടന്നിട്ടുള്ളതായി വിവാഹ രജിസ്ട്രേഷൻ അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1. MMJ ഹാൾ
2. പെരുങ്ങുഴി ജമാഅത്ത് ഹാൾ
3. മുട്ടപ്പലം മസ്ജിദ് ഹാൾ
4. പെരുമാതുറ ജമാഅത്ത് ഹാൾ
5. അഴൂർ ഭഗവതി ക്ഷേത്രം ട്രസ്റ്റ് ഹാൾ
6. രാജരാജേശ്വരി ക്ഷേത്രം ഹാൾ
7. നജത്തുൾ ഇസ്ലാം മസ്ജിദ് ഹാൾ.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിന്റെ സ്ഥലം ഒരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ, ലൈസൻസ്എടുത്തിട്ടുള്ളതായി ,ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ

ഓഡിറ്റ് എൻക്വയറിക്ക് (നം.15) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ എന്നിവ പ്രകാരംലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

## 1-14 പെരുങ്ങുഴി കൃഷ്ണപുരം മാർക്കറ്റിലെ 5-ാം നമ്പർ കടമുറി ലേലം - വ്യക്തതയില്ല

പെരുങ്ങുഴി കൃഷ്ണപുരം മാർക്കറ്റിലെ 5-ാം നമ്പർ കടമുറി 27.1.2022 ൽ നടന്ന ലേലത്തിൽ ആരും ലേലം കൊള്ളാത്തതിനാൽ 10.3.2022-ൽ പുനർലേലം നടത്തിയിട്ടും ലേലത്തിൽ പോകാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ തുടർനടപടിവിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.18/11.8.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ഉപയോഗയോഗ്യമാക്കി വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-15 തൊഴിൽ നികുതി-അപാകങ്ങൾ

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി താഴെകൊടുക്കുന്നു.

### 1-15-1 കരാറുകാർ – തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2022-23 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2022-23 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്തു പ്രവൃത്തികൾ ആകെ 9 കരാറുകാർ ഏറ്റെടുത്തിട്ടുള്ളതായി ടെൻഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കരാറുകാർ എല്ലാം തന്നെ വർഷങ്ങളായി കോണ്ട്രാക്ടർ ലൈസൻസുള്ളവരാണെന്ന്അവർ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ലൈസൻസ് പകർപ്പുകളിൽ നിന്ന് വ്യക്തമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 1 നു ലഭ്യമാക്കിയ മറുപടിയിൽ, പ്രസ്തുത കരാറുകാർ പഞ്ചായത്തിന്റെ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടില്ല എന്ന് വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ പ്രസ്തുത കരാറുകാർ മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളതായി ഉറപ്പു വരുത്തുന്ന രേഖകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കരാറുകാർ മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതും, തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

### 1-15-2 ഡോക്ടർമാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2) മുതൽ 3(11) വരെ എന്നിവ പ്രകാരം ഡോക്ടർമാർ പ്രതിവർഷം 2500/- രൂപ നിരക്കിൽ തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. 2022-23 വർഷംതാഴെപറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും, ഡോക്ടർമാർ ആരും തൊഴിൽ നികുതി അടച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 ) മറുപടി ലഭ്യമായില്ല. പ്രസ്തുത വ്യക്തികളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നം. | വാർഡ് | ലൈസൻസ് രജിസ്റ്റർ ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 15 | 245. | Dr. നബീൽസ് ഡെന്റൽ ക്ലിനിക് |
| 2 | 15 | 56 | പ്രണവം ഡെന്റൽ ക്ലിനിക്. |
| 3 | 14 | 64 | കാർമൽ ഹോസ്പിറ്റൽ |

### 1-15-3 സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഉയർന്ന വിറ്റുവരവുള്ള സ്ഥാപനങ്ങൾ/സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ പ്രതിവർഷം, 2500/- രൂപ നിരക്കിൽ സ്ഥാപന തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം താഴെപറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിലും, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി,തൊഴിൽ നികുതി രജിസ്റ്ററിലോ, സ്റ്റേറ്റ്മെന്റിലോ രേഖപ്പെ ടുത്തൽ ഇല്ല

1.സർവ്വീസ് സഹകരണ ബാങ്ക്-മുട്ടപ്പലം.

2.സർവ്വീസ് സഹകരണ ബാങ്ക്-പെരുങ്ങുഴി.

3.UIT-അഴൂർ.

4.BSNL.

ടി സ്ഥാപനങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി ലൈസൻസ് രജിസ്റ്ററിലും രേഖപ്പെടുത്തൽ ഇല്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 14) മറുപടി ലഭ്യമായില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-15-4 തൊഴിൽ നികുതി ഭാഗികമായി ഒടുക്കിയിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷംതൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ട താഴെപറയുന്ന സ്ഥാപനങ്ങൾ ഒന്നാം അർദ്ധവർഷം മാത്രമേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുകയും, ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുകയും ചെയ്തിട്ടുള്ളു.

1.കുമാർ സാമിൽ

2. BSNL

3.Govt.H.S വെയിലൂർ

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.14ന് മറുപടി ലഭ്യമായില്ല. ടി സ്ഥാപനങ്ങളിൽ നിന്ന് പൂർണ്ണ നിരക്കിൽതൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-15-5 തൊഴിൽ നികുതി-ഒടുക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷംതൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ട താഴെപറയുന്ന സ്ഥാപനങ്ങൾ, സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുകയോ, ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്തിട്ടില്ല.

1. രാജശ്രീടെക്സ്റ്റയിൽസ്.

2. KRS

ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 14) മറുപടി ലഭ്യമായില്ല. ടി സ്ഥാപനങ്ങളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം,ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-16 തനത് വരുമാനം-അവലോകനം

1.ധനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം .

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല .

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ, യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഭരണ സമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ല. നികുതി പിരിവ് പുരോഗതി യോഗം വിലയിരുത്തുന്നുണ്ടെങ്കിലും തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിലേക്കുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണസമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തത് പ്രകാരം തനത് വരുമാനം (നികുതി നികുതിയേതര വരുമാനം) വർദ്ധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 2021-22 സാമ്പത്തിക വർഷം മുതൽ ഇൻസെന്റീവ് ഗ്രാന്റ് നൽകി വരുന്നുണ്ട്. സംസ്ഥാന ബജറ്റിൽ വികസന ഫണ്ടിന്റെ ഭാഗമായി നീക്കിവെയ്ക്കുന്ന പൊതു വിഭാഗം സാധാരണ വിഹിതം വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ തനത് വരുമാന വർദ്ധനവിന് 15 ശതമാനം വെയിറ്റേജ് ആണ് നൽകിയിട്ടുള്ളത്. ആയതിനാൽ തനത് വരുമാനം വർദ്ധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും തനത് വരുമാന വർദ്ധനവിന് ആനുപാതികമായി കൂടുതൽ വിഹിതം ലഭിക്കും. ഇൻസെന്റീവ് ഗ്രാന്റിൽ നിന്നും പരമാവധി വിഹിതം നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- വിഭവസമാഹരണത്തിന്റെ വിവിധ ഭാഗങ്ങൾ, തലങ്ങൾ, പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്നു പരിശോധിക്കണം.

- അധിക വിഭവസമാഹരണ സാദ്ധ്യതകൾ കണ്ടെത്തുക.
- കെട്ടിടങ്ങളുടേയും ഭൂമികളുടേയും സമ്പൂർണ്ണലിസ്റ്റ് തയ്യാറാക്കുകയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.
- സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

2. വസ്തു നികുതി

<u>വസ്തുനികുതി -നികുതി പരിഷ്കരണ നടപടി ക്രമങ്ങൾ</u>

- തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-3-2023-ലെ ജി.ഒ (എംഎസ്) 77/2023 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ ജി.ഒ(പി) നം 25/2023നമ്പർ ഉത്തരവ് പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 13.04.2023 ൽ ചേർന്ന കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി (തീരുമാനം 1(1),1(2),1(3),1(4),1(5)) . കൂടാതെ, എല്ലാ കെട്ടിടങ്ങളുടേയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷം പ്രാബല്യത്തിലുണ്ടായിരുന്ന നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ കെട്ടിടത്തിനും 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. കരട് വിജ്ഞാപനം പത്രങ്ങളിലും ഗ്രാമപഞ്ചായത്തിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചു. എന്നാൽ, ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് മേഖല, റോഡ് എന്നിവയുടെ തരംതിരിവും അതിർത്തികൾ നിശ്ചയിക്കലും സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ട് അന്തിമവിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതാണ്.
- പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ കെട്ടിടങ്ങളുടേയും വിവരശേഖരണത്തിനും ഡേറ്റ എൻട്രിക്കുമായി ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.
- ഡേറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡേറ്റ ലോക്ക് ചെയ്തിട്ടുണ്ട്.
- ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ എൽ ജി എം എസ് വരവ്, സഞ്ചയ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല. E-payment വഴി വരുന്ന എല്ലാ വരവുകളും മാർച്ച് 31 ന് ബാങ്കിൽ ക്രെഡിറ്റ് ആകുന്നില്ല. അതിനാൽ സഞ്ചയയിലെ വരവും ILGMS വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
- നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്. അനധികൃത നിർമ്മാണങ്ങൾ രേഖപ്പെടുത്തുന്ന U/Aരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം അനുയോജ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ പരിശോധിച്ച് യഥാർത്ഥ വിവരം കൃത്യമാക്കേണ്ടതാണ്.
- ILGMSൽ ക്യാൻസൽ ചെയ്ത എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്തിട്ടുണ്ട്.
- തദ്ദേശ സ്ഥാപന പരിധിയിലുള്ള 4 മൊബൈൽ ടവറുകളിൽ 3 മൊബൈൽ ടവറുകളിൽ നിന്നും നികുതി കുടിശ്ശിക ഇല്ലാതെ ഈടാക്കുന്നുണ്ട്.ശേഷിച്ച ഒരു ടവറിൽ നിന്നും നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 23/11.8.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കുടിശ്ശിക കൃത്യമായി ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3.സേവന ഉപനികുതി

- 2011 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26,27,28 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ

ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിങ്ങനെയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്ത് മേൽ ചട്ടങ്ങൾ പ്രകാരമുള്ള സേവന ഉപനികുതി ഡിമാന്റ് ചെയ്തിട്ടില്ല. ചട്ടപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നതിലേക്കായി സ്റ്റാന്റിംഗ് കമ്മിറ്റികളോ, ഭരണസമിതിയോ ചർച്ച ചെയ്തതായോ, തീരുമാനങ്ങൾ സ്വീകരിച്ചതായോ കാണുന്നില്ല. ചുമത്താൻ അനുവദിക്കപ്പെട്ടിട്ടുള്ള നാല് മേഖലകളിൽ നിശ്ചിത നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്തിയാൽ ആ മേഖലകളിലെ സേവനം മെച്ചപ്പെടുത്താനുള്ള അവസരം ലഭിക്കുമെന്നതിനാൽ തനത് വരുമാനം വർധിപ്പിക്കുന്നതിന് സേവന ഉപനികുതിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്.

4. തൊഴിൽ നികുതി

- സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും വിവരങ്ങൾ പൂർണ്ണമല്ല. തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥാരായവരുടെ പൂർണ്ണമായ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്.
- തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
- തൊഴിലുടമ നല്കുന്ന നികുതി പത്രികയിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ( ഓഡിറ്റ് അന്വേഷണം നം 01/7.8.23) നികുതി പത്രികകളുടെ കൃത്യത പരിശോധിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

5.വിനോദനികുതി

ഗ്രാമപഞ്ചായത്തിൽ വിനോദനികുതി ഇനത്തിൽ വരുമാനമില്ല. പ്രകൃതി രമണീയമായ കായലും ചെറു തോടുകളും ധാരാളം ഉള്ള പഞ്ചായത്തിൽ ടൂറിസം, വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് സർക്കാരിലേക്ക് ശുപാർശ നൽകുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

6.നികുതിയേതര വരവുകൾ

പഞ്ചായത്തിലെ 3 മാർക്കറ്റുകളും ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായവും ലേലം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിലും പരിസരപ്രദേശങ്ങളിലുമായി കാണപ്പെടുന്ന കാലഹരണപ്പെട്ട ആസ്തികൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. (കേടായ കസേരകൾ , ഇരുമ്പ് സാധനങ്ങൾ മുതലായവ). കയർ നിർമ്മാണവുമായി ബന്ധപ്പെട്ട മേഖലയായതിനാൽ കയറിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണി സാദ്ധ്യത പരിഗണിക്കാവുന്നതാണ്.

## 1-17 സഞ്ചയയിൽ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തി 01.04.2013 പ്രകാരമുള്ള പുതുക്കിയ നികുതി നിർണയിച്ചിട്ടില്ല. താഴെപ്പറയുന്ന കെട്ടിടങ്ങളുടെ സഞ്ചയ ഫാറം 6 നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| Ward Year | Ward Number | Ward Name | Door Number | Door Number Sub | Owner Name | Base File Status | Remarks |
|---|---|---|---|---|---|---|---|
| 2013 | 1 | മാടൻവിള | 58 | A | SUDHEER ANJU | DE Ongoing | |
| 2013 | 2 | അഴൂർ ക്ഷേത്രം | 149 | | | DE Started | |
| 2013 | 2 | അഴൂർ ക്ഷേത്രം | 459 | | | DE Started | |
| 2013 | 2 | അഴൂർ ക്ഷേത്രം | 140 | A | | DE Started | |

| | | | | | | | |
|---|---|---|---|---|---|---|---|
| 2013 | 3 | ഗണപതിയാംകോവിൽ | 21 | | Thulaseedharan | Approved | ഡിമാന്റ് ചെയ്തിട്ടില്ല |
| 2013 | 3 | ഗണപതിയാംകോവിൽ | 179 | A | Suganthi | Approved | ഡിമാന്റ് ചെയ്തിട്ടില്ല |
| 2013 | 3 | ഗണപതിയാംകോവിൽ | 55 | A | Sudhamani | Approved | ഡിമാന്റ് ചെയ്തിട്ടില്ല |
| 2013 | 6 | തെറ്റിച്ചിറ | 1759 | | Baby | Approved | ഡിമാന്റ് ചെയ്തിട്ടില്ല |
| 2013 | 7 | കൃഷ്ണപുരം | 48 | B | THULASI BHAI | Verification Pending | |
| 2013 | 8 | മുട്ടപ്പലം | 476 | A | | DE Started | |
| 2013 | 8 | മുട്ടപ്പലം | 130 | | Syamala | Approved | ഡിമാന്റ് ചെയ്തിട്ടില്ല |
| 2013 | 8 | മുട്ടപ്പലം | 11 | | Vijayamma | Approved | ഡിമാന്റ് ചെയ്തിട്ടില്ല |
| 2013 | 10 | ഗാന്ധിസ്മാരകം | 217 | A | | DE Started | |
| 2013 | 14 | അക്കരവിള | | | Vanaja | DE Ongoing | |
| 2013 | 14 | അക്കരവിള | | | | DE Started | |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -26 തീയതി 14.08.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല.സഞ്ചയയിൽ ഡേറ്റാ എൻട്രി നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 വിമുക്തഭടൻമാരുടെ വസ്തുനികുതി ഒഴിവാക്കൽ ക്രമപ്രകാരമല്ല

1) സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2022-23 വർഷം ലഭിച്ച അപേക്ഷ/സാക്ഷ്യപത്രം, രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 22 തീയതി 11.8.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സാക്ഷ്യപത്രം/സത്യവാങ്മൂലം ഹാജരാക്കാത്ത താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വിവിധ കാലയളവിൽ വിമുക്ത ഭടന്മാരുടെ വാസഗൃഹത്തിലുൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. (ഉദാ).നികുതി ഒഴിവാക്കിയിരുന്ന കാലയളവിന് ശേഷം നാളിതുവരെ കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് നടത്തുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| Sl | DoorNo | OwnerName | നികുതി ഇളവ് നൽകിയ |
|---|---|---|---|

| NO | | | കാലയളവ് |
|---|---|---|---|
| 1 | 9/327 | രാമചന്ദ്രൻനായർ | 2014 രണ്ടാം അർദ്ധവർഷം വരെ |
| 2 | 17/304 | ജയകുമാരി | 2014 രണ്ടാം അർദ്ധവർഷം വരെ |
| 3 | 16/362 | സുദർശൻ | 2014 രണ്ടാം അർദ്ധവർഷം വരെ |
| 4 | 15/301 | ശശിധരൻ | 2014 രണ്ടാം അർദ്ധവർഷം വരെ |
| 5 | 11/16 | പ്രേമകുമാരി | 2014 രണ്ടാം അർദ്ധവർഷം വരെ |

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വസ്തു നികുതി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ടെലഫോൺ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന ടെലഫോൺ ടവറിന്റെ വസ്തു നികുതി 2018 മുതൽ 33390/- രൂപയായി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ തുകയൊന്നും ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| Building ID | Door NO | Owner Name | Owner Address |
|---|---|---|---|
| 50240010010756 | 4/386/A | DEPUTY MANAGER ,INDUS TOWER | PALARIVATTAM,KOCHI |

നികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -23തീയതി 11.08.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല.നികുതി ഡിമാന്റ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-20 മാർക്കറ്റ് ഗേറ്റ് ഫീസ് പിരിച്ചെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല

1. പെരുങ്ങുഴി-കൃഷ്ണപുരം മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ്

ലേലരജിസ്റ്റർ പരിശോധിച്ചതിൽ പെരുങ്കുഴി കൃഷ്ണപുരം മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് 10.3.2022 ന് നടന്ന ലേലത്തിൽ ശ്രീ. ജി. അനിൽകുമാർ, കല്ലുവിള, നാലുമുക്ക് എന്നയാൾക്ക് 750000/- രൂപയ്ക്ക് 25.3.2022 ലെ 7/21-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം ലേലം ഉറപ്പിച്ച് നൽകുകയുണ്ടായി. ടിയാൻ ലേലത്തുകയുടെ മൂന്നിലൊന്ന് തുകയും 18% ജി.എസ്.ടി.യും അടവാക്കിയിട്ടുണ്ട്. ലേലനിബന്ധന 4 പ്രകാരം തുക ഗഡുക്കളായി അടവാക്കണമെങ്കിൽ ലേലത്തുകയുടെ ഇരട്ടിത്തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് 7 ദിവസത്തിനകം പഞ്ചായത്തിൽ ഹാജരാക്കേണ്ടതാണ്. തുടർന്ന് 2.7.2022 ലെ 3/3 നമ്പർ ഭരണസമിതി തീരുമാന പ്രകാരം മൂന്ന് മാസത്തെ കാലാവധി നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ശ്രീ.ജി. അനിൽകുമാർ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കിയതിന്റെയും ലേലതുകയുടെ ബാക്കി തുക പിരിച്ചെടുത്തതിന്റെയും, ലേല തുക അടവാക്കാത്ത സാഹചര്യത്തിൽ ടിയാൻ ഗേറ്റ് ഫീസ് പിരിവ് നടത്തിയിട്ടുണ്ടോ എന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം. 11.8.2023 ന് മറുപടി ലഭ്യമാക്കിയില്ല.

2. മുട്ടപ്പലം മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ്

മുട്ടപ്പലം മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് 10.3.2022 ന് ലേലം നടത്തിയെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ 30.3.2022 ന് ക്വട്ടേഷൻ ക്ഷണിക്കുകയും 6.4.2022 ലെ 10-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം ശ്രീമതി. ഗീത, ക്ഷേമചന്ദ്രാലയം, മുട്ടപ്പലം എന്ന വ്യക്തിയ്ക്ക് ക്വട്ടേഷൻ അംഗീകരിച്ച് നൽകുകയുമുണ്ടായി. ലേല രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ടിയാൾ ആദ്യഗഡു 13,400/- രൂപ അടവാക്കിയിട്ടുണ്ട്. ബാക്കി തുക പിരിച്ചെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/11.8.2023 ന് മറുപടി ലഭ്യമാക്കിയില്ല.
പഞ്ചായത്തിനു ലഭിക്കേണ്ട മാർക്കറ്റുകളുടെ ഗേറ്റ് ഫീസ് പിരിച്ചെടുത്ത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കുവരുത്തുകയും, ടിയാളുകൾ അടവാക്കാത്ത സാഹചര്യമാണെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 1-21 ഭരണ സമിതി തീരുമാനങ്ങൾ നടപ്പാക്കിയിട്ടില്ല

2022-23 വർഷത്തെ ഭരണസമിതി യോഗ മിനിട്സ് പരിശോധിച്ചതിൽ പല യോഗ തീരുമാനങ്ങളിലും തുടർനടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

1. കടത്ത് - ലേലം ചെയ്തിട്ടില്ല

08.08.22 ലെ 5(9) നം. ഭരണസമിതി തീരുമാനപ്രകാരം നിലവിലെ പഞ്ചായത്തിലെ കടത്തുകാരനായ ശ്രീ. അമീന് കടത്ത് നടത്തുന്നതിന് ബുദ്ധിമുട്ട് എന്ന് അറിയിച്ചതിനാൽ പ്രസ്തുത കടത്ത് ജോലി ലേലം ചെയ്യുന്നതിന് തീരുമാനിച്ചു. എന്നാൽ കടത്തിന്റെ ലേലം 2022-23 ൽ നടന്നിട്ടില്ലായെന്ന കാണുന്നു. കൂടാതെ, വാർഷിക ധനകാര്യ പത്രിക RP-35-Other Liabilities (P) ഹെഡ്ഡ് പ്രകാരം 450/- രൂപ മാത്രമാണ് 02.03.23 ൽ Rent Of Boat 02/23 എന്ന ഇനത്തിൽ ചെലവഴിച്ചിട്ടുള്ളത്. 2022-23 ലെ മറ്റു മാസങ്ങളിൽ കടത്ത് പ്രവർത്തിച്ചിരുന്നോയെന്ന വിവരവും കടത്ത് ജോലി ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിനുള്ള കാരണവും വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.47/17.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതും നിലവിൽ പഞ്ചായത്തിൽ കടത്ത് പ്രവർത്തിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച വിവരവും ലഭ്യമാക്കേണ്ടതാണ്.

2. അക്കൗണ്ട് തുടങ്ങിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

22.03.22 ലെ 8(1) നം. ഭരണസമിതി തീരുമാനപ്രകാരം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാൻറ് വിനിയോഗവുമായി ബന്ധപ്പെട്ട് ബഹു.കേരള സർക്കാരിന്റെ 15/01/2022 തീയ്യതിയിലെ സ.ഉ(സാധാ) നം.115/2022 Lsgd ഉത്തരവിന്റെ അടിസ്ഥാനത്തിൽ Health Grant Towards Support For Diagnostic Infrastructure To The Primary Health Care Facilities Of Sub Centre And PHCs, Health Grant Towards Building-less Sub-centres PHCs And CHCs, Health Grant Towards Conversion Of Rural PHCs And Sub-centres Into Health And Wellness Centres എന്നിങ്ങനെ മൂന്ന് ബാങ്ക് അക്കൗണ്ടുകൾ പൊതുമേഖലാ ബാങ്കിൽ ആരംഭിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടുകൾ ആരംഭിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.35/16.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ്/പാസ്ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. ലൈബ്രറി - ശാശ്വത പരിഹാരം ഉണ്ടായിട്ടില്ല

22.04.22 ലെ 6(7) നം. ഭരണസമിതി തീരുമാനപ്രകാരം പെരുങ്ങുഴിയിലെ പഞ്ചായത്ത് ലൈബ്രറിയുടെ പുറക് വശത്തെ മണ്ണ് എലികൾ തുരന്ന് ലൈബ്രറിക്കുള്ളിൽ മണ്ണ് കൂമ്പാരം സൃഷ്ടിക്കുകയും എലികൾ ജനാല വഴി ലൈബ്രറിക്കുള്ളിൽ പ്രവേശിച്ച് പുസ്തകങ്ങൾ നശിപ്പിക്കുകയും ചെയ്യുന്നു. ആയതിനാൽ ശാശ്വത പരിഹാരം ആവശ്യപ്പെട്ട് ലൈബ്രേറിയൻ സമർപ്പിച്ച അപേക്ഷ യോഗം ചർച്ച ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സാങ്കേതിക റിപ്പോർട്ടും എസ്റ്റിമേറ്റും ലഭ്യമാക്കുന്നതിന് അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി. യെ ചുമതലപ്പെടുത്തി തീരുമാനിച്ചു. എന്നാൽ, 17.08.23 ൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ വിഷയം സംബന്ധിച്ച് യാതൊരു പരിഹാരവും നാളിതുവരെ ചെയ്തിട്ടില്ലായെന്ന കാണുന്നു. ഇപ്പോഴും ലൈബ്രറി ജനലുകളിൽ മണ്ണ് കൂമ്പാരങ്ങൾ ഉണ്ട്. കൂടാതെ, ലൈബ്രറി അലമാരകൾ പലതും അടയ്ക്കാൻ കഴിയാത്ത അവസ്ഥയിലാണ്. പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് സ്ഥലപരിമിതിയും ഉണ്ട്. ഒരു വർഷത്തിനുശേഷവും മേൽ വിഷയത്തിൽ തുടർനടപടി സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.47/17.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈബ്രറിയുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 ഗ്രാമസഭ യോഗം - അവലോകനം

2022-23 വർഷത്തെ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് പല ഗ്രാമസഭാ യോഗങ്ങളും നടത്തിയിരിക്കുന്നതെന്ന് കാണുന്നു.

1. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ 2022 ഡിസംബർ മാസത്തിൽ ഗ്രാമസഭ കൂടിയതിനുശേഷം 2023 ജൂൺ മാസത്തിലാണ് ഗ്രാമസഭ വീണ്ടും ചേർന്നിട്ടുള്ളത്.

2. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

3. ഗ്രാമസഭ മിനിട്സ് പൂർത്തിയാക്കിയിട്ടില്ല. ഉദാ- വാർഡ് 16 ന്റെ 27.08.22 ന് ചേർന്ന യോഗ മിനിട്സിൽ പല പേജുകളിലും യാതൊന്നും രേഖപ്പെടുത്താതെയും മിനിട്സ് പൂർണമാക്കി കൺവീനറും കോ-ഓർഡിനേറ്ററും സാക്ഷ്യപ്പെടുത്താതെയും കാണുന്നു.

4. ഗ്രാമസഭ മിനിട്സ് പൂർണമാക്കി കൺവീനറും കോ-ഓർഡിനേറ്ററും സാക്ഷ്യപ്പെടുത്തണമെന്നുണ്ടെങ്കിലും ചില ഗ്രാമസഭകളിലെ മിനിട്സ് (ഉദാ-വാർഡ് 10,13,13) ഇപ്രകാരം രണ്ടു പേരും സാക്ഷ്യപ്പെടുത്തുന്നില്ല.

5. സ.ഉ.(കൈ)84/2022/തസ്വഭവ, തീ.18.04.22 പദ്ധതി മാർഗ്ഗരേഖ ഖ.3.2.3 ലെ ക്രമ നം. 3 പ്രകാരം മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ (ഫോറം 4 ൽ തയ്യാറാക്കിയത്), നടപ്പ് വാർഷിക പദ്ധതിയുടെ അവലോകനം (ഫോറം 5 ൽ തയ്യാറാക്കിയത്), വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ (ഫോറം 6 ൽ തയ്യാറാക്കിയത്), ഗ്രാമപഞ്ചായത്തിന്റെ പരിഷ്കരിച്ച അവസ്ഥാരേഖയുടെ രത്നച്ചുരുക്കം എന്നിവ അച്ചടിച്ച് ഗ്രാമസഭ യോഗത്തിൽ വിതരണം ചെയ്യണം. എന്നാൽ മേൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്തിട്ടുണ്ടോയെന്ന വിവരം ഗ്രാമസഭ മിനിട്സിൽ നിന്നും ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.45/17.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരം യോഗം കൂടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ലാബ് റീഏജന്റ്സ് വാങ്ങൽ - അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | ലാബിലേയ്ക്കുള്ള റീഏജന്റും അനുബന്ധ വസ്തുക്കളും വാങ്ങൽ |
| പദ്ധതി നമ്പർ | 26/23 |
| പദ്ധതി അടങ്കൽ | 75000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 75000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

മേൽ പ്രോജക്ടിന്റെ ഭാഗമായി ക്വട്ടേഷൻ മുഖേന മെഡികെയർ ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്നും ലാബ് റീഏജന്റ്സ് വാങ്ങിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ നടപടികളുടെ വിവരങ്ങൾ (ക്വട്ടേഷൻ നോട്ടീസ്, സപ്ലൈ ഓർഡർ, ക്വട്ടേഷൻ അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം) ഒന്നും തന്നെ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള 75000/- രൂപയുടെ പ്രൊഫോർമ ഇൻവോയിസ് ഫയലിൽ ഉണ്ട്. എന്നാൽ 75000/- രൂപയിൽ 10640/- രൂപയുടെ ലാബ് റീഏജന്റ്സ് Deep Meditech Pvt.Ltd എന്ന സ്ഥാപനത്തിൽ നിന്നാണ് പർച്ചേസ് ചെയ്തിരിക്കുന്നത് (എസിആർ ബിൽ നം.357/27.03.23, ബിൽ തുക 14209/- രൂപ). ഇപ്രകാരം ക്വട്ടേഷൻ അംഗീകരിച്ച സ്ഥാപനത്തിൽ നിന്നും പർച്ചേസ് ചെയ്യാതെ മറ്റൊരു സ്ഥാപനത്തിൽ നിന്നും ലാബ് റീഏജന്റ്സ് വാങ്ങിയതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 41/16.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾക്കുള്ള മറുപടി സമയബന്ധിതമായി ലഭ്യമാക്കാത്ത പക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-24 ലൈഫ് പദ്ധതി ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം

ലൈഫ് പദ്ധതി വ്യവസ്ഥ പ്രകാരം പദ്ധതിയുടെ കരാർ ചമച്ച് ആറ് മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയിൽ തുകകൾ കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ബിന്ദു, വേലിക്കകം | 22.11.2021 | 40000/- |
| 2 | സജി/ബിന്ദു | 16.6.2022 | 40000/- |
| 3 | ശാരദ, സ്മിതഭവൻ | 7.9.2018 | 300000/- |
| 4 | ലളിത, ഷീജവിലാസം | 15.11.2018 | 40000/- |
| 5 | ഗിരിജ, ചരുവിളവീട് | 24.10.2019 | 40000/- |
| 6 | ഷൈജു,വാറുവിളാകം | 20.11.2019 | 200000/- |
| 7 | സുജി, വയൽതിട്ടവീട് | 9.11.2020 | 300000/- |
| 8 | ശ്യാമിനി,പഴവിളവീട് | 1.3.2021 | 40000/- |
| 9 | സുജി, കായൽവരമ്പിൽ | 2.6.2022 | 40000/- |
| 10 | സുമ, ചായക്കടി വീട് | 14.6.22 | 200000/- |
| 11 | നീതു, ചരുവിള വീട് | 14.6.22 | 200000/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 27/14.08.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 പ്രത്യേക കന്നുകുട്ടി പരിപാലനം രേഖകൾ ഹാജരാക്കിയില്ല, 750000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ | 82/23 |
| അടങ്കൽ | 1500000/-<br>(വികസനഫണ്ട്) |
| ചെലവ് | 750000/- |
| ബിൽ നം | 500000/-272 /2.3.23<br>125000/-316 /16.3.23<br>125000/-342 /22.3.23 |

ഗ്രാമപഞ്ചായത്തിലെ കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരം, കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി തെരഞ്ഞെടുത്ത ക്ഷീരസംഘത്തിന്റെ വിവരം, 2022-23 വർഷം കന്നുകുട്ടി പരിപാലനം പദ്ധതിക്കായി തുക നൽകിയിട്ടുള്ള കന്നുകുട്ടികളുടെ വിവരം, മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ കന്നുകുട്ടികൾ ഉൾപ്പെട്ടിട്ടുള്ളതിന്റെ വിവരം, കാലിത്തീറ്റ വിതരണ രജിസ്റ്റർ മുതലായ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി തുക പ്രോജക്ട്ഓഫീസർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും അതിന്റെ വിനിയോഗ വിവരങ്ങളും രേഖകളും ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-12 തിയതി 10/08/2023) നൽകിയതിന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 വെള്ളക്കരം-ജനറൽ കമ്മിറ്റി തീരുമാനത്തിൽ അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2022 ഡിസംബർ വരെ ഗ്രാമപഞ്ചായത്ത് പ്രതിമാസം 235861/- രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിവന്നത്. ആകെ 489 ടാപ്പുകൾക്കാണ് ഗ്രാമപഞ്ചായത്ത് പ്രതിമാസം പ്രസ്തുത തുക നല്കി വന്നത്. എന്നാൽ 2023 ജനവരി മുതൽ ടാപ്പുകളുടെ എണ്ണം 402 ആയി കുറഞ്ഞെങ്കിലും, പ്രതിമാസ വെള്ളക്കരം 487727/- രൂപയായി വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. ജലജീവൻമിഷൻ പദ്ധതിയിലൂടെ 90% വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടുള്ളതിനാൽ,ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്ന പക്ഷം, ഭൂരിഭാഗം പൊതുടാപ്പുകൾ ഒഴിവാക്കാൻ സാധിക്കുമെന്നതിനാൽ സംയുക്ത പരിശോധന നടത്താൻ KWA-യോട് അഭ്യർത്ഥിക്കാനും, ജനറൽ കമ്മിറ്റി 23-2-23 ലെ തീരുമാനം 10-1 പ്രകാരവും, 30/3/23 ലെ തീരുമാനം 5-3 പ്രകാരവും തീരുമാനിച്ചിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി,ആയതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക്, ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്നും ,ഓഡിറ്റ് എൻക്വയറി നം.29 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജനറൽ കമ്മിറ്റി തീരുമാനത്തിൽ അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.പഞ്ചായത്ത് ഓഫീസ് പരിസരത്തു തന്നെ പ്രവർത്തന രഹിതമായ രണ്ടു ടാപ്പുകൾ കാണാൻ കഴിഞ്ഞു.ആയതിന്റെ ചിത്രം ചുവടെ ചേർക്കുന്നു.





## 1-27 ദുരിതാശ്വാസ നിധി-ഫലപ്രദമല്ല.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ് , കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്. ദുരിതാശ്വാസ നിധി രൂപീകരിച്ചുകൊണ്ടുള്ള ഭരണ സമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എ.എഫ്.എസ് പരിശോധനയിൽ അപ്രകാരം ഒരു അക്കൗണ്ട് ഉണ്ടെങ്കിലും(A/C No-40390101064069), ആയതിൽ വിനിമയം ഒന്നും നടന്നിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.7ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

## 1-28 ആസ്തി രജിസ്റ്റർ -കാലികമല്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ വാഹനങ്ങൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. അഴൂർ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിനു ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ 2015 നു ശേഷം ആർജ്ജിച്ച ആസ്തികൾ കൂട്ടി ചേർത്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം.41/23ൽ ഉൾപ്പെടുത്തി, 497000/- രൂപ ചെലവഴിച്ച് ഹരിതകർമ്മ സേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങിയിട്ടുണ്ട്.
2) ജനറൽ കമ്മിറ്റിയുടെ വിവിധ തീരുമാനങ്ങൾ പ്രകാരം വിവിധ വസ്തുക്കൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. ടി തീരുമാനം നടപ്പിലായതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | തീരുമാനം നം,തീയതി | തീയതി | വസ്തുവിന്റെ വിശദാംശം. |
|---|---|---|---|
| 1 | 4-4 | 2-7-22 | 16ാം വാർഡിൽ 171-നം അംഗൻവാടിക്കായി വാങ്ങിയ 1.4 ആർ വസ്തു. |
| 2 | 4-5 | 2-7-22 | 17 ാംവാർഡിൽ പെരുങ്ങുഴി-ചല്ലിമുക്ക് പണയിൽ ഡ്രെയിനേജ്. |
| 3 | 4-5 | 2-7-22 | 3ാം വാർഡിൽ കുഴിയം അലക്കുകുളം |
| 4 | 4-37 | 2/7/22 | PHC സബ്സെന്റർ |
| 5. | 7-29 | 1/10/22 | 17 ാംവാർഡിൽ പുന്നവിള നടപ്പാത |
| 6 | 11-9 | 19/10/22 | ഓടകൾ-വിവിധ റോഡുകൾ |

| | | | |
|---|---|---|---|
| 7 | 14-1 | 1/11/22 | വിവിധ റോഡുകൾ |
| 8 | 23-2 | 1/11/22 | ചല്ലിമുക്ക് ഡ്രെയിനേജ് |

ടി വാഹനം, വസ്തുക്കൾ എന്നിവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 6, 30 എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ടി വസ്തുക്കൾ ആസ്തി രജിസ്റ്ററിൽഉൾപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ക്ഷേമ പെൻഷൻ -പഞ്ചായത്തിന്റെ നടപടി മാതൃകാപരം

രണ്ട് എക്കറിൽ കൂടുതൽ ഭൂമിയുള്ള, റബ്ബർ സബ്സിഡി ലഭിക്കുന്ന കർഷകരുടെ പെൻഷൻ ഒരു മാസത്തെ നോട്ടീസ് നല്കി റദ്ദ്ചെയ്യണം എന്ന് ധനകാര്യ വകുപ്പിന്റെ 16/4/22 ലെ 74016/SFCB2/2019 കത്ത് പ്രകാരം, താഴെ പറയുന്ന കർഷകർക്ക് നോട്ടീസ് നല്കിയിട്ടുള്ളതിനെതുടർന്ന്, തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്ത പക്ഷം, അനർഹരായി കണക്കാക്കി,പെൻഷൻ റദ്ദാക്കാനുള്ള നടപടി സ്വീകരിക്കാൻ ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യാനും, ക്ഷേമ കാര്യ സ്ററാന്റിംഗ് കമ്മിറ്റി 20-8-22 ലെ യോഗത്തിൽ തീരുമാനിച്ചു.(തീരുമാനം നം.I-2)

1.അബ്ദുൾ അസീസ്, പെരുങ്ങുഴി
2.ശശി,R, പെരുങ്ങുഴി
3.മുഹമ്മദ് അസ്ലം, പെരുങ്ങുഴി.
4.ശോഭനദാസൻ, ശാസ്തവട്ടം
5.ആരിഫ, പെരുങ്ങുഴി

ടി വ്യക്തികൾക്ക് നോട്ടീസ് നൽകിയിട്ടും,നാളിതു വരെ മറുപടി ലഭ്യമാക്കാത്തതിനാൻ അടുത്ത സ്റ്റാൻന്റിംഗ്, ജനറൽകമ്മിറ്റികളിൽ ഈ വിഷയം ഉൾപ്പെടുത്തി, തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം.11 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ കത്തിന്മേൽ പഞ്ചായത്തു സ്വീകരിച്ച നടപടി മാതൃകാപരം ആണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിലുള്ള തുടർ നടപടിയുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 തെരുവു വിളക്ക പരിപാലനം-അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | 137/2023 |
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്ക പരിപാലനം |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 490000/-രൂപ (തനത് ഫണ്ട്) |
| ചെലവ് | 490000/-രൂപ (തനത്ഫണ്ട്) |

അംഗീകൃത പദ്ധതിയുടെ ഖണ്ഡിക 31 പ്രകാരം, ഒരു വർഷത്തേക്കുള്ള തുക ഒടുക്കി, നിലവിൽ പ്രവർത്തനരഹിതമായ ആകെ 1089 LED ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി United Energy Systems എന്ന സ്ഥാപനത്തെ ഇ-ടെണ്ടർ നടപടിയിലൂടെയാണ് തെരഞ്ഞെടുത്തത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1) വാർഷിക അറ്റകുറ്റപ്പണികൾക്കായാണ് ഇ-ടെണ്ടർ വിളിച്ചതെങ്കിലും, കരാറുകാരനുമായി 21/1/23ൽ കരാർവച്ച്, 25/2/23ൽ പ്രവൃത്തി പൂർത്തിയാക്കി, മുഴുവൻ തുകയും നല്കുകയാണുണ്ടായത്. കരാർ പ്രകാരം 20/1/24 വരെ പൂർത്തീകരണ കാലാവധിയുണ്ട് എന്ന വ്യവസ്ഥയുള്ളപ്പോഴാണ് ഇപ്രകാരം മുഴുവൻ തുകയും ഒരുമിച്ച് നൽകിയിട്ടുള്ളത്. ബാക്കിയുള്ള മാസങ്ങളിൽ കേടായ തെരുവു വിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയില്ലായെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. പ്രോജക്ട് നം. SO040/23പ്രകാരം, 21/11/22 നാണ് മുൻവർഷത്തെ(2021-22)തെരുവു വിളക്ക പരിപാലന പ്രോജക്ടിന്റെ ഫൈനൽ ബിൽ തുകയായ 40000/- രൂപ ഇതേ

സ്ഥാപനത്തിന നല്കിയത്. അതായത്, മേൽ പദ്ധതി നം.137പ്രകാരം, 2022-2023ൽ റിപ്പയർ ചെയ്ത തെരുവു വിളക്കുകൾ എല്ലാം തന്നെ 2022 ഒക്ടോബർ മാസത്തിന ശേഷം കേടായതാണ്. എന്നാൽ അത്രയും ബൾബുകൾ കേടായതായി പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല. മുൻ വർഷത്തെ അറ്റകുറ്റപ്പണി കഴിഞ്ഞ് മൂന്നമാസം കൊണ്ട് 1089 ബൾബുകൾ കേടായ സാഹചര്യത്തിൽ, കരാർ തുക നല്കിയ 25/2/23 മുതൽ കരാർകാലാവധി പൂർത്തിയാകുന്ന പ്രകാരം 20/1/24 വരെയുള്ള കാലത്ത് കേടാവുന്ന ബൾബുകളുടെ അറ്റകുറ്റപ്പണിയ്ക്ക് എന്തു മാർഗ്ഗം അവലംബിച്ചു എന്ന് വ്യക്തമല്ല.

2) തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ പോസ്റ്റു നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.3 ന് ലഭ്യമാക്കിയ മറുപടിയിൽ, പഞ്ചായത്തിൽ 3500 ഓളം LED വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം 1200 തെരുവു വിളക്കുകളാണുള്ളത്.

3) കേടായ സാധനങ്ങൾ അതതു ദിവസം തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In രജിസ്റ്ററും Stock Out രജിസ്റ്ററും റീകൺസയിൽ ചെയ്യുന്നവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതും സംബന്ധിച്ച സ.ഉ(സാ ധാ) നം.2134/2015ത സ്വ ഭ വ തി.15-5-2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

4) തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5) തെരുവ് വിളക്ക് പരിപാലനത്തിനായി വാർഡ് തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടില്ല. പകരം പഞ്ചായത്തു തല മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടാണ് ഫയലിൽ ഉള്ളത്.

6)നിർവ്വഹണ ഉദ്യോഗസ്ഥന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല.

7) പഞ്ചായത്ത് തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി പരാതി രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും, കൃത്യമായ മേൽനോട്ടം ഇല്ലാതെയും, പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 അതിദാരിദ്ര്യ നിർമ്മാർജനം മൈക്രോപ്ലാൻ പ്രോജക്ട് - മെഡിക്കൽ സഹായം നൽകിയതിന് രേഖയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | അതിദാരിദ്ര്യ നിർമ്മാർജനം മൈക്രോപ്ലാൻ പ്രോജക്ട് |
| പദ്ധതി നമ്പർ | 173/22 |
| പദ്ധതി അടങ്കൽ | ആകെ 168000<br>167057 (വികസന ഫണ്ട് പൊതുവിഭാഗം)<br>943 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 82399 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം ഗ്രാമപഞ്ചായത്തിലെ അതിദാരിദ്ര്യം അനുഭവിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മെഡിക്കൽ സഹായം നൽകുന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. എന്നാൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് തന്നെയാണോ സഹായം

ലഭിച്ചിട്ടുള്ളതെന്ന് പരിശോധിക്കുന്നതിനായി മേൽപ്പറഞ്ഞ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

2. പ്രോജക്ടിന്റെ ഭാഗമായി 23.02.23 ന് അഴൂർ കമ്മ്യൂണിറ്റി ഹാളിൽ വെച്ച് സ്പെഷ്യൽ മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ ചെലവുകളാണ് നടത്തിയിട്ടുള്ളത്. എന്നാൽ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവരുടെ ലിസ്റ്റോ നടത്തിയ പരിശോധനയുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങളോ ഫയലിൽ ലഭ്യമല്ല.

3. KRS Stores ൽ നിന്നും 31662/24.02.23 പ്രകാരം 68910 രൂപയ്ക്ക് പലചരക്ക് സാധനങ്ങൾ വാങ്ങിയിട്ടുള്ളതായി കാണുന്നു. എന്നാൽ, പ്രോജക്ടിന്റെ ഭാഗമായി ആരോഗ്യപരമായ സേവനങ്ങൾ മാത്രമാണ് ലക്ഷ്യം എന്നിരിക്കെ മെഡിക്കൽ ക്യാമ്പിനുശേഷം മേൽ തുകയ്ക്കുള്ള സാധനങ്ങൾ പർച്ചേസ് ചെയ്യുതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ, ടി സാധനങ്ങളുടെ ഉപയോഗം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുമാണ്. സാധനങ്ങൾ ആർക്കെങ്കിലും വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4. വിവിധ ക്യാഷ് ബില്ലുകൾ പ്രകാരം നീതി മെഡിക്കൽസിൽ നിന്നും ആകെ 2479 രൂപയ്ക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ അവയുടെ വിതരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.16/11.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-32 താൽക്കാലിക ഡോക്ടറുടെ നിയമനം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| | |
|---|---|
| പദ്ധതിയുടെ പേര് | അഴൂർ പി.എച്ച്.സിയിൽ നിയോഗിക്കുന്ന താൽക്കാലിക ഡോക്ടറുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും |
| പദ്ധതി നമ്പർ | 98/23 |
| പദ്ധതി അടങ്കൽ | 240000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 164178 (വികസന ഫണ്ട് പൊതുവിഭാഗം) |
| എസിആർ ബിൽ നം./തീയതി | 222/10.02.23 – 61567<br>275/02.03.23 – 61567<br>345/22.03.23 - 41044 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

മേൽ പ്രോജക്ടിന്റെ ഭാഗമായി ശ്രീ.മുഹമ്മദ് ഷെറാസ്.എ.എസ് എന്നയാളിനെ താൽക്കാലിക ഡോക്ടറായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും 2022-23 വർഷം ആകെ 164718/- രൂപ വേതനം നൽകുകയും ചെയ്തിട്ടുണ്ട്. സ.ഉ.(കൈ)നം.115/2022/തസ്വഭവ, തീയതി.28.05.22 സബ്സിഡി മാർഗ്ഗരേഖ ഖ.7.6.2 പ്രകാരം ഡോക്ടർമാരെ ജില്ലാതലത്തിൽ ജില്ലാകളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങിയ കമ്മിറ്റി ഇൻർവ്യൂ ചെയ്ത് എടുക്കേണ്ടതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ നിയമന ഉത്തരവിൽ ഇന്റർവ്യൂ നടത്തിയാണ് നിയമനം നടത്തിയിട്ടുള്ളതെന്ന് പറയുന്നുണ്ടെങ്കിലും ഇൻർവ്യൂ നടത്തിയതിന്റെ രേഖകളോ പങ്കെടുത്ത മറ്റുള്ളവരുടെ വിശദാംശങ്ങളോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

നിയമനം സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/11.08.23 ന് മറുപടി ലഭ്യമാക്കിയെങ്കിലും മേൽ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ നേരിട്ട് ഡോക്ടറുടെ നിയമനം നടത്തിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-33 പഞ്ചായത്ത് ക്യാൻസർ നിയന്ത്രണ പദ്ധതി - ചെലവിന് ആധികാരികതയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പഞ്ചായത്ത് ക്യാൻസർ നിയന്ത്രണ പദ്ധതി |
| പദ്ധതി നമ്പർ | 99/23 |
| പദ്ധതി അടങ്കൽ | 50000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 5000 (വികസന ഫണ്ട് പൊതുവിഭാഗം) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

മേൽ പ്രോജക്റ്റുമായി ബന്ധപ്പെട്ട് ആകെ 5000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. Mahima Advertising & Flex Printing എന്ന സ്ഥാപനത്തിൽ നിന്നുള്ള 1197/05.01.23 നം. ഇൻവോയിസ് പ്രകാരം 5000 നോട്ടീസ് പ്രിന്റ് ചെയ്തതിനാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ നോട്ടീസിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. കൂടാതെ പ്രസ്തുത നോട്ടീസുകൾ ഏതു പദ്ധതിയുടെ ഭാഗമാണെന്നോ അതിന്റെ ഉള്ളടക്കം എന്താണെന്നത് വിശദമാക്കുന്ന ഡ്രാഫ്റ്റോ എവിടെ വിതരണം ചെയ്യുന്നതിനാണെന്നോ ഉള്ള വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ക്യാൻസർ നിയന്ത്രണ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റൊരു പ്രവൃത്തിയും നടന്നതായി രേഖകളില്ല. മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 41/16.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്ത പക്ഷം തുക തടസ്സപ്പെടുത്തുന്നതായിരിക്കും.

## 1-34 ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജനം - 1579 രൂപയുടെ ചെലവ് ബിൽ ലഭ്യമാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പി.എച്ച്.സി യിലെ ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജനം |
| പദ്ധതി നമ്പർ | 28/23 |
| പദ്ധതി അടങ്കൽ | 36000 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 20408 (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

പി.എച്ച്.സി യിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ ഇമേജ് ഏജൻസി വഴി നിർമ്മാർജനം ചെയ്യുന്നതിനു വേണ്ടിയാണ് പദ്ധതി ലക്ഷ്യമിടുന്നത്. 20.03.23 ലെ ചെക്ക് നം. 023001 പ്രകാരം തനത് ഫണ്ടിൽ നിന്നും 1579 രൂപ Safe Care എന്ന സ്ഥാപനത്തിന് അനുവദിച്ചിരിക്കുന്നു. എന്നാൽ ബില്ലിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ളത് ഇമേജ് ഏജൻസിയിൽ നിന്നുള്ള 1617 രൂപയുടെ സബ് ബിൽ ആണ്. മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 44/17.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. Safe Care എന്ന സ്ഥാപനത്തിൽ നിന്നുള്ള 1579 രൂപയുടെ ബിൽ ലഭ്യമാക്കുന്നതു വരെ തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-35 ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ് - പ്രോജക്റ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ |
| പദ്ധതി നമ്പർ | 184/23 |
| പദ്ധതി അടങ്കൽ | 160000 രൂ.(ഹെൽത്ത് ഗ്രാന്റ്) |
| പദ്ധതി ചെലവ് | 100000 രൂ.(ഹെൽത്ത് ഗ്രാന്റ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

ഗ്രാമപഞ്ചായത്തിലെ ആരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ വരുന്ന 3 ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ് പരിപാടി നടപ്പാക്കുന്നതിനുവേണ്ടിയാണ് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ മേൽ പ്രോജക്റ്റ് മുഖേന 100000 രൂപയ്ക്ക് ലാബ് റീഏജന്റ്സ് മാത്രമാണ് വാങ്ങിയിരിക്കുന്നത്. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ചുവടെ പറയുന്നവയാണ് വെൽനസ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ചെയ്യേണ്ടത്.

1. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

2. ആരോഗ്യസ്ഥാപനത്തിലെ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ

3. വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള ചെലവ്

4. പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക

5. സ്റ്റാഫ് പരിശീലനം

മേൽ പ്രവർത്തനങ്ങൾ നടത്തി തുക ബാക്കിയുണ്ടെങ്കിൽ ദൈനംദിന പ്രവത്തനങ്ങൾക്കുള്ള ഉപകരണങ്ങളും സാമഗ്രികളും വാങ്ങാവുന്നതാണ്. എന്നാൽ പ്രോജക്റ്റിന്റെ ഭാഗമായി യാതൊരു വെൽനസ് പ്രവർത്തനങ്ങളും നടത്തിയിട്ടുള്ളതായി കാണുന്നില്ല. ക്വട്ടേഷൻ മുഖേനയാണ് മെഡികെയർ ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്നും ലാബ് റീഏജന്റ്സ് വാങ്ങിയിരിക്കുന്നത്. എന്നാൽ ക്വട്ടേഷൻ

നടപടികളുടെ വിവരങ്ങൾ (ക്വട്ടേഷൻ നോട്ടീസ്, സപ്ലൈ ഓർഡർ, ക്വട്ടേഷൻ അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം) ഒന്നും തന്നെ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 44/17.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-36 വാഴകൃഷി വ്യാപനം പ്രോജക്ട് - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | വാഴകൃഷി വ്യാപനം |
| പദ്ധതി നമ്പർ | 130/23 |
| പദ്ധതി അടങ്കൽ | 169000 (വികസന ഫണ്ട് പൊതുവിഭാഗം)<br>294400 (മറ്റുള്ളവ)<br>ആകെ 463400 |
| പദ്ധതി ചെലവ് | 169000 (വികസന ഫണ്ട് പൊതുവിഭാഗം)<br>144400 (മറ്റുള്ളവ)<br>ആകെ 313400 |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

വാഴകൃഷി ചെയ്യുന്നതിനായി കുമ്മായം, രാസവളം എന്നിവ സബ്സിഡി നിരക്കിൽ നൽകുന്നതിനുവേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കൾ സ്വന്തമായോ പാട്ടത്തിനോ കുറഞ്ഞത് 25 സെന്റിൽ വാഴകൃഷി ചെയ്യുന്നവരായിരിക്കണം. ഒരു ഗുണഭോക്താവിന് കൃഷി വ്യാപ്തിയുടെ അടിസ്ഥാനത്തിൽ പരമാവധി 5 യൂണിറ്റ് വരെ ആനുകൂല്യം നൽകാവുന്നതാണ്. ഒരു യൂണിറ്റിൽ 30 കിലോ യൂറിയ, 30 കിലോ ഫാക്ടംഫോസ്, 40 കിലോ MOP, 40 കിലോ കുമ്മായം എന്നിവ ഉൾപ്പെടുന്നു.

സ.ഉ.(കൈ)നം.115/2022/തസ്വഭവ, തീയതി 28.05.22 സബ്സിഡി മാർഗ്ഗരേഖ ഖ.6.1.9 Aയിലെ ക്രമ നം. 7, 8 എന്നിവ പ്രകാരം പാട്ടത്തിനെടുത്ത ഭൂമി കുടുംബാംഗങ്ങൾ, ബന്ധുക്കൾ എന്നിവരുടേതാകരുത്. കൂടാതെ പാട്ടകൃഷിയാണെങ്കിൽ പാട്ടത്തിനെടുത്ത് കൃഷി ചെയ്തതാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് വേണ്ടതാണ്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ശ്രീ.കെ.ബാബു, ഉഷസ്സ്, പെരുങ്ങുഴി എന്ന വ്യക്തിയ്ക്ക് 1 യൂണിറ്റ് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഭൂമി സംബന്ധമായ രേഖകൾ, പാട്ടക്കരാർ എന്നിവ പരിശോധിച്ചതിൽ വാഴകൃഷി ചെയ്യുന്നതിനായി ടിയാൻ കുടുംബാംഗമായ ശ്രീ.അജിത്ത്.ബി, ഉഷസ്സ്, പെരുങ്ങുഴി എന്നയാളുമായി പാട്ടക്കരാർ വെച്ചിരിക്കുന്നു.

2. ശ്രീ.അബൂബക്കർ നാസർ, പൊയ്കവീട്, മുട്ടപ്പലം എന്ന വ്യക്തിയ്ക്ക് 5 യൂണിറ്റ് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഭൂമി സംബന്ധമായ രേഖകൾ, പാട്ടക്കരാർ എന്നിവ പരിശോധിച്ചതിൽ, വാഴകൃഷി ചെയ്യുന്നതിനായി ടിയാൻ കുടുംബാംഗമായ ശ്രീ.നാസർ, ഷീല മൻസിൽ, ചിലമ്പിൽ എന്നയാളുമായി പാട്ടക്കരാർ വെച്ചിരിക്കുന്നു.

3. പാട്ടകൃഷിയായിട്ടുള്ള അപേക്ഷകളിൽ പാട്ടത്തിനെടുത്താണ് കൃഷി ചെയ്തതെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 33/14.08.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മാർഗ്ഗരേഖ നിർദ്ദേശങ്ങൾ ശ്രദ്ധിക്കാതെയാണ് കുടുംബാംഗങ്ങളുടെ കൃഷിഭൂമി പാട്ടത്തിനെടുത്ത ഗുണഭോക്താക്കൾക്ക് തെറ്റായി ആനുകൂല്യം നൽകിയിട്ടുള്ളതെന്നും ഭാവിയിൽ ആവർത്തിക്കുകയില്ലെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ പാട്ടകൃഷിയായിട്ടുള്ള അപേക്ഷകളിൽ പാട്ടത്തിനെടുത്താണ് കൃഷി ചെയ്തതെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് ഇനിമേൽ ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-37 നെൽകൃഷി വികസനം പ്രോജക്ടുകളിലെ അപാകതകൾ

1.

| | |
|---|---|
| പദ്ധതിയുടെ പേര് | നെൽകൃഷി വികസനം ഒന്നാം വിള |
| പദ്ധതി നമ്പർ | 106/23 |
| പദ്ധതി അടങ്കൽ | 84150 (വികസന ഫണ്ട് പൊതുവിഭാഗം) |

| | |
|---|---|
| | 51000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>145000 (മറ്റുള്ളവ)<br>ആകെ 280150 |
| പദ്ധതി ചെലവ് | 84150 (വികസന ഫണ്ട് പൊതുവിഭാഗം)<br>29546 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ആകെ 113696 |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

2.

| | |
|---|---|
| പദ്ധതിയുടെ പേര് | നെൽകൃഷി വികസനം രണ്ടാം വിള |
| പദ്ധതി നമ്പർ | 122/23 |
| പദ്ധതി അടങ്കൽ | 85500 (വികസന ഫണ്ട് പൊതുവിഭാഗം)<br>51000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>144910 (മറ്റുള്ളവ)<br>ആകെ 281410 |
| പദ്ധതി ചെലവ് | 85500 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ പ്രോജക്ടുകൾ വഴി നെൽവിത്തുകൾ സൗജന്യമായി നൽകുകയും ജൈവവളത്തിനുള്ള സബ്സിഡി ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്യുന്നു. കൂടാതെ കൂലിചെലവ് ബ്ലോക്ക് പഞ്ചായത്ത് നൽകുന്നു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. 20 ഗുണഭോക്താക്കൾക്കാണ് ആകെ ആനുകൂല്യം നൽകിയിട്ടുള്ളത്. എന്നാൽ ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. നെൽകൃഷി വികസനം പദ്ധതി കാലാവസ്ഥയ്ക്കനുയോജ്യമായി നടപ്പിലാക്കുന്ന പദ്ധതി ആയതിനാലും നെൽവിസ്തൃതി കുറയുന്ന സാഹചര്യമായതിനാലും ഗുണഭോക്തൃലിസ്റ്റ് ലഭ്യമാകുന്ന വരെയുള്ള സമയം കാത്തിരിക്കാതെ അടിയന്തിരമായി നടപ്പാക്കുന്നതിന് നെൽകൃഷി ചെയ്യുന്ന എല്ലാ കർഷകർക്കും ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നതായി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം.50/17.08.2023ന്റെ മറുപടി).

2. സ.ഉ.(കൈ)നം.115/2022/തസ്വഭവ, തീയതി 28.05.22 സബ്സിഡി മാർഗ്ഗരേഖ ഖ.6.1.9 Aയിലെ ക്രമ നം. 7, 8 എന്നിവ പ്രകാരം പാട്ടത്തിനെടുത്ത ഭൂമി കുടുംബാംഗങ്ങൾ, ബന്ധുക്കൾ എന്നിവരുടേതാകരുത്. കൂടാതെ പാട്ടകൃഷിയാണെങ്കിൽ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുതാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് വേണ്ടതാണ്. എന്നാൽ ശ്രീ. കൃപാകരൻ, പരകുടി വീട് എന്ന വ്യക്തിയുടെ അപേക്ഷയോടൊപ്പമുള്ള പാട്ടക്കരാർ പരിശോധിച്ചതിൽ ടിയാൻ കുടുംബാംഗമായ ശ്രീ. പ്രഭാസുരൻ, പരകുടി വീട്, ശ്രീമതി നർമ്മദ, പരകുടി വീട് എന്നിവരുമായി പാട്ടക്കരാർ വെച്ചിരിക്കുന്നു.

3. പാട്ടകൃഷിയായിട്ടുള്ള അപേക്ഷകളിൽ പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുതെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല.

4. പ്രോജക്ട് നം.106/23 മുഖേന കൂലിചെലവിനുള്ള തുകയായി ആകെ 29546/- രൂപ 9 ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി അനുവദിച്ചിരിക്കുന്നു. എന്നാൽ കൂലിചെലവിനുള്ള തുക കണക്കാക്കിയതിന്റെ സ്റ്റേറ്റ്മെന്റ്/കൂലി ചെലവ് നടത്തിയത് സാധൂകരിക്കുന്ന രേഖകൾ എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 50/17.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം ആനുകൂല്യം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതും മറ്റ് അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-38 തെങ്ങുകൃഷി വികസനം പ്രോജക്ട് - രേഖകൾ പൂർണമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | തെങ്ങുകൃഷി വികസനം |
| പദ്ധതി നമ്പർ | 196/23 |
| പദ്ധതി അടങ്കൽ | ആകെ 437400<br>315900 (വികസന ഫണ്ട് പൊതുവിഭാഗം)<br>121500 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | ആകെ 437400<br>315900 (വികസന ഫണ്ട് പൊതുവിഭാഗം)<br>121500 (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പഞ്ചായത്തിൽ തെങ്ങുകൃഷി വ്യാപിപ്പിക്കുകയാണ് പ്രോജക്ട് കൊണ്ട് ലക്ഷ്യമിടുന്നത്. സബസ്ഡിയിൽ നിരക്കിൽ തെങ്ങിൻ തൈകൾ, ജൈവവളം, കുമ്മായം എന്നിവയാണ് വിതരണം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കണ്ടു.

എ. ആനുകൂല്യം ലഭിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം വെച്ചിട്ടുള്ള വസ്തുവിന്റെ കരം അടച്ച രസീത് 2022-23 വർഷത്തെയല്ല. ആയതിനാൽ 2022-23 വർഷം പ്രസ്തുത വ്യക്തികളുടെ പേരിൽ വസ്തു ഉണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | കരം അടച്ച രസീത് സാമ്പത്തിക വർഷം |
|---|---|---|
| 1 | റഫീക്, ജെ.ആർ മൻസിൽ | 2021-22 |
| 2 | എൽ.വിജയകുമാർ, മണക്കാട് വീട് | 2020-21 |
| 3 | ശ്രീകണ്ഠൻ നായർ.എം, സന്ധ്യഭവൻ | 2021-22 |

ബി. പല അപേക്ഷകളിലും കൃഷി ചെയ്യാനുദ്ദേശിക്കുന്ന കൃഷിസ്ഥലത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ പൂർണമല്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

1. അബ്ദുൾ ജബ്ബാർ, എ.ജെ.മൻസിൽ
2. തങ്കരാജൻ.റ്റി, മടക്കൽ വീട്
3. ഇന്ദിര.കെ, ഉഷാരമന്ദിരം

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 48/17.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപേക്ഷയോടൊപ്പം ലഭ്യമാക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ചതിനു ശേഷം മാത്രം ആനുകൂല്യം അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-39 മരങ്ങളുടെ ലേലനടപടി വിവരം ലഭ്യമല്ല

അഴൂർ പി.എച്ച്.സി വളപ്പിൽ നില്ലുന്ന മൂന്ന് അല്ലേഷ്യാ മരങ്ങൾ ലേലം ചെയ്യാൻ 22/4/22 ലെ ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നം.6-6). ടി മരങ്ങളുടെ വില 33914/-രൂപയായി നിശ്ചയിച്ച്, സോഷ്യൽ ഫോറസ്റ്റി ഓർഗനൈസേഷന്റെ കത്തു ലഭിച്ച സാഹചര്യത്തിൽ, 7/5/22 ന് ലേലം നടത്താൻ തീരുമാനിച്ചതായും ജനറൽ കമ്മിറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. മരങ്ങൾ ലേലം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.31) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-40 സുഭിക്ഷ കേരളം കുളത്തിലെ മീൻകൃഷി തുടർനടപടി വിവരം ഇല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0045/22 |
| പ്രോജക്ടിന്റെ പേര് | സുഭിക്ഷ കേരളം കുളത്തിലെ മീൻകൃഷി |

| | | | |
|---|---|---|---|
| അടങ്കൽ | 300000/- | വികസന ഫണ്ട് -പൊ.വി. സാ.വി | മറ്റുള്ളവ -220000 |
| ചെലവ് | 75432/- | വികസന ഫണ്ട് -പൊ.വി. സാ.വി | മറ്റുള്ളവ -0 |
| ബിൽ നമ്പർ | 5/7.5.2022 തുക 75432/- | | |

2 സെന്റ് പടുതാക്കുളത്തിൽ 1000 ആസാം വാളക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് 1 ടൺ മത്സ്യ ഉൽപ്പാദനമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. അപേക്ഷകളിൽ സത്യപ്രസ്താവനയും ഫീൽഡ് തല പരിശോധനാ റിപ്പോർട്ടും ഉൾപ്പെടുത്തിയിട്ടില്ല.

2. അനുവദിച്ച യൂണിറ്റുകളുടെയും, ടി യൂണിറ്റുകൾക്ക് തദ്ദേശ സ്ഥാപനവും ഫിഷറീസ് വകുപ്പും അനുവദിച്ച തുകകളുടെയും വിശദാംശം ഫയലിൽ ലഭ്യമല്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ലഭ്യമാക്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.43/16.8.23)മറുപടി ലഭ്യമാക്കിയില്ല.

മേൽപ്പറഞ്ഞ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ റിപ്പോർട്ടും ലഭ്യമാക്കേണ്ടതുമാണ്.

## 1-41 ഹോമിയോ മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | S0078/23 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 300000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 300000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ബിൽ നമ്പർ | 78/13.10.2022 |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 3,00,000/- രൂപ ഹോംകോയ്ക്ക് മേൽ ബിൽ പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ Tax Invoice No. LF466 Dated 6.7.2023 പ്രകാരമുള്ള 167970/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന 132030/- രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ ഹോംകോയ്ക്ക് മെയിൽ അയച്ചിട്ടുള്ളതായും ലഭ്യമായ മരുന്നുകൾ സ്റ്റോക്കിലെടുത്തതായും ഓഡിറ്റ് എൻക്വയറി നം.5/8.8.2023-ന് മറുപടിയായി നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു.

## 1-42 അങ്കണവാടികളുടെ പ്രവർത്തനാവലോകനം

(1) സർക്കാർ ഉത്തരവ് നം. 84/2022/തസ്വഭവ തീയതി 19.4.2022 ഖണ്ഡിക 8.8.2 അനുശാസിക്കും പ്രകാരം
അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഷയം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 25 |
| 2 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 2 |
| 3 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 2 |
| 4 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 |
| 5 | ചുറ്റുമതിൽ ഇല്ലാത്തവ | 1 |
| 6 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 25 |
| 7 | റോഡിന് സമീപത്ത് അല്ലാത്തവ | 17 |
| 8 | കളിസ്ഥലം ഇല്ലാത്തവ | 23 |
| 9 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | - |
| 10 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | - |
| 11 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 23 |
| 12 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 24 |
| 13 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 24 |
| 14 | വൈദ്യുതി ഇല്ലാത്തവ | - |

| | | |
|---|---|---|
| 15 | Baby Weighing Machine/salter Scale/ Platform Weighing Scale | - |
| 16 | സൂപ്പർവൈസറുടെ ഫോൺനമ്പറോട്ടു കൂടിയ നെയിം ബോർഡ് ഇല്ലാത്തവ | - |
| 17 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | - |
| 18 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്നു കിറ്റ് എന്നിവ ഇല്ലാത്തവ | - |
| 19 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | - |
| 20 | പാചകവാതക സൗകര്യം ഇല്ലാത്തവ | - |
| 21 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | - |
| 22 | ആവശ്യത്തിനു കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | - |
| 23 | വാട്ടർ പ്യൂരിഫെയർ ഇല്ലാത്തവ | 25 |
| 24 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | - |
| 25 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | - |
| 26 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | - |
| 27 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | - |
| 28 | പരാതിപ്പെട്ടി ഇല്ലാത്തവ | - |

(2) അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്തല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ അങ്കണവാടികളിലും നിലവിൽ അങ്കണവാടി ലെവൽ മോണിട്ടറിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അങ്കണവാടിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ആയതിന്റെ മിനിട്ട്സ് ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. അങ്കണവാടികളിലെ കിണർ വർഷത്തിലൊരിക്കൽ വൃത്തിയാക്കാനും മാസത്തിലൊരിക്കൽ ജലസംഭരണികൾ വൃത്തിയാക്കാനും പഞ്ചായത്ത്തലത്തിൽ സെക്രട്ടറി/പ്രസിഡന്റ്-ന് ഫ്രണ്ട് ഓഫീസ് മുഖേന കത്ത് നൽകിയിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം എന്നുള്ളത് പഞ്ചായത്ത് തലത്തിൽ മിനിട്ട്സ് ചെയ്തിട്ടുള്ളതായും സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 പ്രകാരമുള്ള ഖണ്ഡികകൾക്ക് മറുപടിയായി നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് യോഗം വിളിച്ചിട്ടുള്ളതായും അങ്കണവാടി പോഷകാഹാര വിതരണവും പ്രവർത്തനവും ഫലപ്രദമാണ് എന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ മാസവും സെന്റർ വിസിറ്റ് നടത്തി ഉറപ്പുവരുത്തിയിട്ടുള്ളതായും ഓഡിറ്റ് എൻക്വയറി നം.42/16.8.23 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-43 പാലിയേറ്റീവ് കെയർ പ്രോജക്ട് - അധികമായി 31500/- രൂപ വേതനം നൽകി

എ)

| | |
|---|---|
| പദ്ധതിയുടെ പേര് | സാന്ത്വനം പാലിയേറ്റീവ് കെയർ ജനറൽ ആർദ്രം |
| പദ്ധതി നമ്പർ | 23/23 |
| പദ്ധതി അടങ്കൽ | ആകെ 600000<br>5,00,000 (വികസന ഫണ്ട് പൊതുവിഭാഗം)<br>1,00,000 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 4,87,070 (വികസന ഫണ്ട് പൊതുവിഭാഗം) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(കൈ)നം.115/2022/തസ്വഭവ, തീയതി 28.05.22 സബ്സിഡി മാർഗ്ഗരേഖ ഖ.7.6.4 ക്രമ നം. (l) പ്രകാരം അലോപ്പതി മരുന്നുകൾ KMSCL ൽ നിന്ന് മാത്രമേ വാങ്ങാവൂ. KMSCL ൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്ന് വാങ്ങാം. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ പാലിയേറ്റീവ് പ്രവർത്തനത്തിനടക്കമുള്ള അത്യാവശ്യ മരുന്നുകൾ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലെറ്റുകളിൽ നിന്നും വാങ്ങാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ടിന്റെ ഭാഗമായി വിവിധ ക്യാഷ് ഇൻവോയിസുകൾ പ്രകാരം IHDB, SAT യിൽ നിന്നും 2,63,000/- രൂപയ്ക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്. IHDB, SAT യിൽ നിന്നും മരുന്ന് വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കിയിട്ടില്ല.

2. ലഭ്യമാക്കിയ മരുന്നുകളുടെ സബ്സ്റ്റോക്ക് രജിസ്റ്റർ പൂർണമല്ല. മെഡിക്കൽ ഉപകരണങ്ങൾ, അനുബന്ധ സാമഗ്രികൾ എന്നിവയുടെ വിവരങ്ങൾ മാത്രമാണ് സബ് സ്റ്റോക്ക് രജിസ്റ്ററിൽ ഉള്ളത്. കൂടാതെ ചില ഇനങ്ങളുടെ കാലഹരണ തീയതി രജിസ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത തീയതിയ്ക്ക് ശേഷം മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിയുന്നില്ല.

3. 13.01.23 ന് അഴൂർ കമ്മ്യൂണിറ്റി ഹാളിൽ നടന്ന പാലിയേറ്റീവ് കുടുംബസംഗമത്തിനായി ആകെ 72720/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കുടുംബസംഗമം നടന്നുവെന്ന് തെളിയിക്കുന്ന ആധികാരിക രേഖകൾ, പങ്കെടുത്തവരുടെ ലിസ്റ്റ് എന്നിവയൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4. S.T Offset ൽ നിന്നുള്ള 07.01.23 ലെ 956 നം. ഇൻവോയിസ് പ്രകാരം സ്ഥാപനത്തിന് 5000/- രൂപ അനുവദിച്ചു (ആകെ ബിൽ തുക – 72720). 28000 എണ്ണം പ്രിന്റ് ചെയ്തതായി ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രിന്റ് ചെയ്തതിന്റെ ഉള്ളടക്കം/ഡ്രാഫ്റ്റ് എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല.

5. S.T Offset ൽ നിന്ന് 5 പായ്ക്കറ്റ് എ4 പേപ്പർ വാങ്ങിയതിന് 1250/- രൂപ അനുവദിച്ചു (ആകെ ബിൽ തുക – 46940). എന്നാൽ ഇൻവോയിസിൽ നം./തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

6. ലഭ്യമാക്കിയ പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ 2022-23 വർഷത്തെ പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി സെക്രട്ടറി, ചെയർപേഴ്സൺ എന്നിവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബി)

| | |
|---|---|
| പദ്ധതിയുടെ പേര് | സാന്ത്വനം പാലിയേറ്റീവ് കെയർ എസ്സിപി (ആർദ്രം) |
| പദ്ധതി നമ്പർ | 22/23 |
| പദ്ധതി അടങ്കൽ | ആകെ 700000<br>6,00,000 (വികസന ഫണ്ട് എസ്.സി.പി)<br>1,00,000 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | ആകെ 655235<br>5,55,235 (വികസന ഫണ്ട് എസ്.സി.പി)<br>1,00,000 (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി |

1. പാലിയേറ്റീവ് എസ്.സി വിഭാഗത്തിലെ കിടപ്പ് രോഗികളുടെ പരിചരണം, മരുന്ന് നൽകൽ, നേരിട്ടുള്ള ശുശ്രൂഷ എന്നിവയാണ് പ്രോജക്ട് കൊണ്ട് ലക്ഷ്യമിടുന്നത്. എന്നാൽ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് ജനറൽ, എസ്.സി എന്നിങ്ങനെ രണ്ടായി പരിപാലിച്ചിട്ടുള്ളത്. എന്നാൽ ഹോം കെയർ രജിസ്റ്റർ പൊതുവായി ഒരെണ്ണം മാത്രമാണ് ഉപയോഗിക്കുന്നത്. അതിനാൽ എസ്.സി വിഭാഗത്തിലെ കിടപ്പ് രോഗികളുടെ പരിചരണം, ഹോം വിസിറ്റ് എന്നിവ കൃത്യമായി നടക്കുന്നുണ്ടോയെന്നും അവർക്കുള്ള മരുന്ന് യഥാസമയം വിതരണം ചെയ്യുന്നുണ്ടോയെന്നുമുള്ള വിവരം പരിശോധിക്കാൻ കഴിയുന്നില്ല. പാലിയേറ്റീവ് രോഗികളെ ജനറൽ, എസ്.സി എന്നിങ്ങനെ രണ്ടായി തരംതിരിച്ച് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതും മേൽ പ്രോജക്ടിന്റെ ഗുണഭോക്താക്കളുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

2. വിവിധ ക്യാഷ് ഇൻവോയിസുകൾ പ്രകാരം IHDB, SAT യിൽ നിന്നും 3,03,000 രൂപയ്ക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്. IHDB, SAT യിൽ നിന്നും മരുന്ന് വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കിയിട്ടില്ല.

സി) മുൻവർഷങ്ങളിൽ പാലിയേറ്റീവ് നഴ്സ് തസ്തികയിൽ നിയമനം ലഭിച്ചതും 2022-23 ൽ ജോലിയിൽ തുടരുന്നതുമായ ശ്രീമതി ഗീത ഇ. എന്ന വ്യക്തിയ്ക്ക് മേൽ 2 പ്രോജക്ടുകൾ വഴിയും പ്രതിമാസം 18390/- രൂപ നിരക്കിൽ ആകെ 190540/- രൂപ വേതനം അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാളുടെ നിയമനം 2022-23 വർഷം ദീർഘിപ്പിച്ച നൽകിക്കൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി/ഭരണസമിതിയുടെ അംഗീകാരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഡി) മേൽ 2 പ്രോജക്ടുകൾ വഴിയും പ്രോജക്ട് നം.97/23-അഴൂർ പി.എച്ച്.സി ഡ്രൈവറുടെ ശമ്പളവും ഇന്ധന ചെലവും എന്ന പ്രോജക്ട് വഴിയും പാലിയേറ്റീവ് വാഹനം ഓടിക്കുന്ന ശ്രീ. രഞ്ജിത്ത് എസ്. ന് പ്രതിദിനം 700/- രൂപ നിരക്കിൽ 2022-23 വർഷം ആകെ 218400/- രൂപ വേതനം അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാളുടെ നിയമനം 2022-23 വർഷം ദീർഘിപ്പിച്ച നൽകിക്കൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി/ഭരണസമിതിയുടെ അംഗീകാരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഇ) ലഭ്യമാക്കിയ പ്രോജക്ട് ഫയൽ, അറ്റൻഡൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചില മാസങ്ങളിൽ ശ്രീ. രഞ്ജിത്ത്. എസ്, ഡ്രൈവർക്ക് അധികമായി വേതനം അനുവദിച്ചിരിക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | മാസം/വർഷം | അറ്റൻഡൻസ് രജിസ്റ്റർ പ്രകാരമുള്ള ഹാജർ | അർഹമായ വേതനം (700 രൂപ നിരക്കിൽ) | അനുവദിച്ച വേതനം (700 രൂപ നിരക്കിൽ 26 ദിവസത്തേയ്ക്ക്) | തുക അനുവദിച്ച എസിആർ ബിൽ നം./തീയതി | അധികമായി നൽകിയ വേതനം |
|---|---|---|---|---|---|---|
| 23/23 | 02/23 | 24 | 16800 | 18200 | 285/6.03.23 | 1400 |
| | 03/23 | 25 | 17500 | 18200 | 346/22.03.23 | 700 |
| 22/23 | 04/22 * | 22 | 15400 | 18200 | 60/19.09.22 | 2800 |
| | 05/22 | 24 | 16100 | 18200 | | 1400 |
| | 08/22 | 25 | 17500 | 18200 | | 700 |
| | 9/22 | 23 | 16100 | 18200 | | 2100 |
| 97/23 | 10/22 | 21 | 14700 | 18200 | 102/05.11.22 | 3500 |
| | 01/23 | 25 | 17500 | 18200 | 219/09.02.23 | 700 |
| | | | | | ആകെ | 13300 |

മേൽ പട്ടിക പ്രകാരം 13300/- രൂപ അധികമായി നൽകിയിട്ടുള്ളതു കൂടാതെ 22/23, 97/23 എന്നീ 2 പ്രോജക്ടുകൾ വഴിയും 04/22 ലെ വേതനമായി 18200/- രൂപ വീതം നൽകിയിരിക്കുന്നു.

എഫ്) പാലിയേറ്റീവ് വാഹനമായ KL 01 CF 283 ന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാഹനത്തിന്റെ ശരാശരി മൈലേജ് കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രതിമാസ ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

2. വാഹനത്തിന്റെ ഫ്യൂവൽ രജിസ്റ്റർ, ഫിറ്റ്നസ് ടെസ്റ്റ്, മൈലേജ് ടെസ്റ്റ് എന്നിവ നടത്തിയതിന്റെ രേഖകൾ, പൊല്യൂഷൻ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 40/16.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അപാകതകൾക്കും ശ്രീ.രഞ്ജിത്ത്. എസ്, ഡ്രൈവർക്ക് അധികമായി നൽകിയ വേതനം 31500/- രൂപ (13300 + 18200) സംബന്ധിച്ചും കൃത്യമായ മറുപടി നല്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 29546 | നെൽകൃഷി വികസനം ഒന്നാം വിള | 29546 | 0 |
| | | 0 | 334875 | സ്നേഹസ്പർശം - മാനസിക വിഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 334875 | 0 |
| | | 0 | 207614 | അഴൂർ കോളിച്ചിറ പകൽവീട് നടത്തിപ്പ് | 207614 | 0 |
| | | 0 | 600000 | ക്ഷീര സമൃദ്ധി (ജനറൽ) | 600000 | 0 |
| | | 920 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 920 |
| ആകെ | | 920 | 1172035 | | 1172035 | 920 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 1580000 | ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.സി.പി) - 2022-23 | 1580000 | 0 |
| | | 0 | 200000 | ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) - 2022-23 | 200000 | 0 |
| | | 0 | 334875 | സ്നേഹസ്പർശം - മാനസിക വിഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 334875 | 0 |
| | | 0 | 50000 | ക്ഷീര സമൃദ്ധി (ജനറൽ) | 50000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 43200 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 43200 |
| ആകെ | | 43200 | 2164875 | | 2164875 | 43200 |
| മുനിസിപ്പൽ കോർപ്പറേഷൻ | 2022-23 | 0 | 150000 | ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ | 150000 | 0 |
| | | 0 | 349705 | ടേക്ക് എ ബ്രേക്ക് (വിശ്രമകേന്ദ്രം സ്ഥാപിക്കൽ) പെരുങ്ങുഴി ജംഗ്ഷൻ | 349705 | 0 |
| | | 1000000 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 100000 |
| | | 1000000 | 499705 | | 499705 | 100000 |

| | 2021-22 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | തിരിച്ചടവ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 920 | 1172035 | 1172955 | 1172035 | 920 | 0 | 920 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 43200 | 2164875 | 2208075 | 2164875 | 43200 | 0 | 43200 |
| മുനിസിപ്പൽ കോർപ്പറേഷൻ വിഹിതം | 1000000 | 3150000 | 4150000 | 499705 | 3650295 | 0 | 3650295 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക ( വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 19/23 - കെ.എസ്.ഇ.ബി പോസ്റ്റ് ഷിഫ്റ്റിംഗ് | 108372 | - | 108372 |
| | ആകെ | 108372 | | 108372 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | 2021-22 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | വിനിയോഗസാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2022-23 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1058382 | 108372 | 1166754 | - | 1166754 | 1058382 * |

* സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം.19/23-കെ.എസ്.ഇ. ബി പോസ്റ്റ് ഷിഫ്റ്റിംഗിനായി 108372 അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ (P) വന്നിട്ടില്ല. കൂടാതെ 2022-23 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രസ്തുത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ( RP -31 (R) പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സ്വലേഖ ചെലവ് പത്രിക, RP -31 (P) പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| HUDCO | സ.ഉ.(കൈ)68/2018/ തസ്വഭവ, തീ.18.05.2018 | 32576000 | 6580000 | 4699047 | 34456953 |

## 4-5 സ്ഥിര നിക്ഷേപം

| FD നമ്പർ | തുക | പലിശ നിരക്ക് | കാലാവധി |
|---|---|---|---|
| 1057521 (അക്കൗണ്ട് നം.40390142000047 | 7,84,252 | 5.50% | 10.06.2022 മുതൽ 09.06.2023 വരെ |

സ്ഥിരനിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയത് | തുക ഒടുക്കിയ തീയതി |
|---|---|---|---|---|---|
| 1 | 2016-17 | 3-1 | 8535 | അസി.എഞ്ചിനിയർ, LSGD | 19.05.22 |
| 2 | 2020-21 | 1-35 | 5707 | പ്രജോദനൻ, കരാറുകാരൻ | 31.05.22 |
| 3 | 2021-22 | Enq.no.33 | 2525 | അസി.എഞ്ചിനിയർ, LSGD | 13.03.23 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 119,41,861 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 439,46,074 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 378,11,660 |
| നീക്കിയിരിപ്പ് | 180,76,275 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,83,079 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 7,50,000 | ഡോ.അഭിലാഷ്.R,വെറ്ററിനറി സർജ്ജൻ |
| 1-34 | 1,579 | ഡോ.പത്മപ്രസാദ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-43 | 31,500 | ഡോ.പത്മപ്രസാദ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 7,83,079 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.അഭിലാഷ്.R, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,അഴൂർ | ഡോ.അഭിലാഷ്.R<br>KRA,23<br>നാലുമുക്ക്,പേട്ട,<br>തിരുവനന്തപുരം |
| ഡോ.പത്മപ്രസാദ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, കിഴുവിലം പി.എച്ച്.സി | സായിഭദ്രം, തെന്നൂർക്കോണം,<br>ആറ്റിങ്ങൽ.പി.ഒ,<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം |
|---|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 3 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 3 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/201/2019 തീയതി 29.05.2019 | 26 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/65/2020 തീയതി 01.03.2020 | 40 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1724/2022 തീയതി 03.10.2022 | 33 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/600/2022 തീയതി 03.10.2022 | 39 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/431/2023തീയതി | 30 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 6(1) dated 21-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Azhoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Azhoor Grama Panchayat for the year 2022-2023

Date: 15/10/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Azhoor Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non disclosure of Assets except Other fixed assets in the balance sheet.
2. Non disclosure of new Asset - New asset (purchase of vehicle) created in the financial year not included in the balance sheet.
3. Non disclosure of liability- The amount received as audit recovery (Rs. 5707/-) is not remitted to concerned fund and not included as liability in the Annual Financial Statement.

**2.Other Observations**

1. The financial ratios, notes to accounts, B-1 Shedule (Adjusted performance for the current year) are not submitted with the annual financial statement.
2. Cash flow statement-Net increase/decrease in cashflow doesnot match with the difference between the opening balance and closing balance of cash and cash equivalents.
3. Depreciation for certain fixed assets are not included in Income & Expenditure Statement.
4. Balance of CFC Grant fund in the B-4 schedule does not match with respective bank account balance.
5. Amount used for asset creation using CFC Performance grant fund not transfered to Capital Contribution and treated as revenue income.

6. The amount given as part bill for capital work is not included in Capital Work in Progress Schedule( B-11(b)).
7. Time delay for the credit of cheque deposited. According to SBI bank reconciliation statement an amount of 2518/- is recorded as Cheque deposited but not credited.
8. Lapses in making timely and accurate demand entries in respect of tax revenue.
9. Bank account details not included in Financial Statement. eg. Kerala Gramin bank account opened for Vathilpadi Sevanam
10. Arrear collection of residential property tax with no arrear demand.
11. Further actions are not taken for cheques issued but not presented in to bank. According to Kerala Gramin bank reconciliation statement an amount of 88580/- is recorded as cheques issued but not presented in to bank.
12. Not providing provision on doubtful debt such as Rent From Building, water chearges.
13. Advance Register is not maintained.
14. Loan Register does not match with Financial Statement.
15. Misclassification of payment voucher. The amount deposited with KSEB is not included in the RP-49 Deposit head (P) and also in the B-18 schedule.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്